# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 25 | ലക്കം 8 | പേജ് 6 | 2019 ഫെബ്രുവരി 15



2 മരണവീട്ടിലെ ഗ്രൂപ്പ് ഫോട്ടോ എടുക്കൽ

3 മതോപദേശസാരങ്ങൾ

4 സമാധാനത്തിനുവേണ്ടി വട്ടശ്ശേരിൽ തിരുമേനിയുടെ ത്യാഗപൂർണ്ണമായ മർദ്ദീൻയാത്ര

5 പി.എം. ഈപ്പനച്ചൻ പുരോഹിതർക്ക് മാതൃക


## സഭകൾക്കുള്ളിലെ സ്വത്തുതർക്കം പരിഹരിക്കാൻ പ്രത്യേക ട്രിബ്യൂണലിന് ശുപാർശ

തിരുവനന്തപുരം : ക്രൈസ്തവസഭകൾക്കുള്ളിലെ സ്വത്തുതർക്കം പരിഹരിക്കാൻ പ്രത്യേക സഭാ ട്രിബ്യൂണലിന് രൂപം നൽകാൻ നിയമപരിഷ്ക്കരണ കമ്മീഷൻ ശുപാർശ. ഇതു സംബന്ധിച്ച കരടുബില്ലിന് രൂപം നൽകി.

നിലവിൽ സഭാനേതൃത്വത്തിന്റെ ഇത്തരം നടപടികൾ ചോദ്യം ചെയ്യാൻ പ്രത്യേക ഫോറം ഇല്ലാത്ത സാഹചര്യത്തിലാണ് ട്രിബ്യൂണൽ വേണമെന്ന നിർദ്ദേശം. അടുത്തിടെ സീറോ മലബാർ സഭാനേതൃത്വം സ്വത്തുവിറ്റത് കനത്ത നഷ്ടമുണ്ടാക്കിയെന്ന് ആരോപണമുയരുകയും ഒരുവിഭാഗം ഇതിനെതിരെ രംഗത്തുവരികയും ചെയ്തിരുന്നു. സി.എസ്.ഐ. സഭാനേതൃത്വത്തിനെതിരെയും പ്രതിഷേധം ഉയരുകയുണ്ടായി.

വിശ്വാസികളുടെ അറിവും സമ്മതവുമില്ലാതെ സഭാസ്വത്ത് കൈമാറ്റം ചെയ്യുന്നതും പണയപ്പെടുത്തുന്നതും പാട്ടത്തിന് നൽകുന്നതും കനത്ത നഷ്ടമുണ്ടാക്കുന്നുണ്ടെന്നാണ് പരാതികൾ. ഇത്തരം നടപടികൾ വിശ്വാസികൾക്ക് മുറിവേൽപ്പിക്കുന്നതായി കമ്മീഷൻ വിലയിരുത്തി.

വിശ്വാസികൾ നേർച്ചയായും സംഭാവനയായും മറ്റും നൽകിയ പണം ഉപയോഗിച്ചാണ് സഭകൾ വൻതോതിൽ സ്വത്ത് സമ്പാദിക്കുന്നതും സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതും. സഭാനേതൃത്വം ഇത് ദുരുപയോഗം ചെയ്യുന്നത് ചോദ്യം ചെയ്യാൻ

(ശേഷം പേജ് 2-ൽ)

### സഭകൾ തമ്മിലുള്ള സ്വത്തുതർക്കം പരിഗണിക്കില്ല

യാക്കോബായ - ഓർത്തഡോക്സ് വിഭാഗങ്ങളുടേതുപോലെ സഭകൾ തമ്മിലുള്ള സ്വത്തുതർക്കങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽ പരിഗണിക്കാനാവില്ല. നിലവിലുള്ള കോടതികളാണ് അത്തരം തർക്കങ്ങളിൽ പരിഹാരം നിർദ്ദേശിക്കേണ്ടത് - ജസ്റ്റിസ് കെ.ടി.തോമസ് (നിയമപരിഷ്ക്കരണ കമ്മീഷൻ അദ്ധ്യക്ഷൻ)

### ജില്ലാ ജഡ്ജി അദ്ധ്യക്ഷനായ സമിതി

ഏകാംഗമായോ മൂന്നംഗങ്ങളുള്ളതോ ആയ ട്രിബ്യൂണലിന് രൂപം നൽകാമെന്നാണ് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുള്ളത്. ജില്ലാ ജഡ്ജിയുടെ പദവിയുള്ള ആളായിരിക്കണം അദ്ധ്യക്ഷൻ. മൂന്നംഗ ട്രിബ്യൂണലാണെങ്കിൽ അംഗങ്ങൾ ജില്ലാ ജഡ്ജിയുടെ പദവിയിൽ നിയമിക്കപ്പെടാൻ യോഗ്യതയുള്ളവരാകണം. ഗവൺമെന്റ് സെക്രട്ടറി പദവിയിലിരിക്കുന്നവരെയും അംഗങ്ങളായി നിയമിക്കാമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.



## പ. വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മ കോട്ടയം പഴയ സെമിനാരിയിൽ

പ.വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ അദ്ദേഹം കബറടങ്ങിയിരിക്കുന്ന കോട്ടയം പഴയ സെമിനാരിയിൽ ഫെബ്രുവരി 22, 23 തീയതികളിൽ.

പ.കാതോലിക്കാ ബാവായും സഭയിലെ എല്ലാ മെത്രാപ്പോലീത്തന്മാരും പെരുന്നാളിന് പ്രധാന കാർമ്മികത്വം വഹിക്കും.

സുവിശേഷപ്രസംഗം, റാസ, തീർത്ഥാടര സംഗമം, സഭയുടെ വിവിധ ആത്മീയ സംഘടനകളുടെ യോഗം, ഭവനനിർമ്മാണ് സഹായവിതരണം തുടങ്ങിയവ പെരുന്നാളിനോടനുബന്ധിച്ച് നടക്കും.

## ആശ്വാസം ലഭിക്കാൻ സ്നേഹം പങ്കിടണം : പ. കാതോലിക്കാ ബാവാ

പത്തനംതിട്ട : സ്നേഹം പങ്കിട്ടെങ്കിൽ മാത്രമേ വിവിധ മേഖലകളിൽ നാം നേരിടുന്ന പ്രശ്നങ്ങളിൽ നിന്ന് ആശ്വാസം ലഭിക്കൂവെന്ന് പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. മാക്കാംകുന്നിൽ നടന്ന മദ്ധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷനിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സ്നേഹം എന്നത് പരസ്പരം ബന്ധം മാത്രമല്ല, ത്യാഗപൂർണ്ണമായ അനുഭവം കൂടിയാണെന്നും അദ്ദേഹം പറ

(ശേഷം പേജ് 2-ൽ)

## സമാധാനത്തിനുവേണ്ടി പ. വട്ടശ്ശേരിൽ തിരുമേനിയുടെ ത്യാഗപൂർണ്ണമായ മർദ്ദീൻയാത്ര

ഫാ.ഡോ.എം.ഒ.ജോൺ

**മുടക്കു തീർത്തു കല്പന സമ്പാദിപ്പാൻ ശ്രമിച്ചതിന്റെ അർത്ഥം എന്ത്. ഉ. എന്റെ ജീവന് ഒരുവേള അപകടം സംഭവിച്ചാലും മലങ്കരസഭയിൽ സമാധാനം ഉണ്ടാക്കുവാൻ കഴിയുമെങ്കിൽ അത് സാധിക്കണമെന്നുള്ള എന്റെ അമിത താൽപര്യം നിമിത്തമായിരുന്നു ഞാൻ ആ യാത്രയ്ക്ക് ഒരുങ്ങിയത്. മുടക്ക് തീർക്കുവാൻ ഞാൻ ശ്രമിച്ചു എന്നു ഞാൻ പറഞ്ഞിട്ടില്ല. ചോ. മുടക്ക് തീർത്താൽ സന്തോഷമാകുമായിരുന്നോ. ഉ. അതുംകൂടെ മലങ്കരസഭയുടെ സമാധാനത്തിനൊരു മാർഗ്ഗമാണെന്നു തോന്നിയതിനാൽ അത് എനിക്കു സന്തോഷം തന്നെയായിരുന്നു. ചോ. മലങ്കരസഭയുടെ സമാധാനത്തിന് ജീവൻ ബലികഴിപ്പാൻത്തക്കവണ്ണം താൽപര്യം ഇപ്പോഴും ഉണ്ടോ അതോ വിധി (വട്ടിപ്പണം) ഗുണമായി വന്നതുകൊണ്ട് താൽപര്യം നശിച്ചോ. ഉ. ആ താൽപര്യം ഇപ്പോഴുമുണ്ട്. അത് ജയത്തിലും അപജയത്തിലും ആശ്രയിച്ചിരിക്കുന്നതല്ല. ചോ. ആ താൽപര്യം ഇപ്പോഴും ഉണ്ടെങ്കിൽ....... മെത്രാപ്പോലീത്തായുടെ അധികാരാവകാശങ്ങൾ ഉപയോഗിക്കാതെ ദയറായിൽപോയി ദൈവത്തെ ഓർത്തു ഇരുന്നുകൊള്ളുമോ. ചെലവിനുവേണ്ടതൊക്കെ അവിടെ തരാം. ഉ. എന്റെ ചുമതലാബോധം അതിനു അനുവദിക്കുന്നില്ല...... ചോ. തിരുമേനി പണം ചെലവുചെയ്ത് ഈ യൂലിയോസ് മെത്രാനെകൂടി ഇങ്ങോട്ടു കൊണ്ടുവന്നത് എന്തിനാണ്. ഉ. ഇവിടെ ഞങ്ങൾ രണ്ടു കക്ഷികൾ തമ്മിൽ അന്യോന്യം കാണുകകൂടി ചെയ്യാത്തവിധത്തിൽ ഭിന്നിച്ചിരിക്കുകയായിരുന്നു. പാത്രിയർക്കീസിന്റെ കല്പന അനുസരിച്ച് ഞങ്ങളെ തമ്മിൽ സമാധാനപ്പെടുത്തുന്നതിനു ഒരു മദ്ധ്യസ്ഥൻ ഉണ്ടായിരിക്കുന്നത് കൊള്ളാമെന്ന് പാത്രിയർക്കീസിനു തോന്നിയതിനാൽ യൂലിയോസ് മെത്രാനെ ഞങ്ങളോടുകൂടി അയക്കുകയാണ് ചെയ്തത്...... രണ്ടു കല്പനകൾ ടിയാന്റെ കൈവശം കൊടുത്തയച്ചിരുന്നു.**

### ആമുഖം

അന്ത്യോഖ്യാ പാത്രിയർക്കീസ് വട്ടശ്ശേരിൽ തിരുമേനിയെ മുടക്കി മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തുനിന്നു നീക്കം ചെയ്തു.

അദ്ദേഹത്തിനു പകരം കൊച്ചുപറമ്പിൽ പൗലോസ് മാർ കൂറിലോസിനെ മലങ്കര മെത്രാപ്പോലീത്തായായി നിയമിച്ചു.

സുറിയാനി സമുദായത്തിന്റെ മെത്രാപ്പോലീത്തായുടെ പേരിലുള്ള വട്ടിപ്പണത്തിന്റെ പലിശ വാങ്ങുവാനുള്ള അവകാശം മെത്രാപ്പോലീത്തൻട്രസ്റ്റിക്കും, വൈദികട്രസ്റ്റിക്കും അത്മായട്രസ്റ്റിക്കും കൂട്ടായ അവകാശമായിരുന്നു. കോനാട്ട് മല്പാനും, സി.ജെ.കുര്യനുമായിരുന്നു വട്ടശ്ശേരിൽ തിരുമേനിയോടൊപ്പം വൈദികട്രസ്റ്റിയും അത്മായട്രസ്റ്റിയും. വട്ടശ്ശേരിൽ തിരുമേനിയെ പാത്രിയർക്കീസ് മുടക്കുന്നതിന് എല്ലാ ഒത്താശകളും ചെയ്തതും നേതൃത്വം കൊടുത്തതും ഇവർ രണ്ടുപേരുമായിരുന്നു. വട്ടശ്ശേരിൽ തിരുമേനിയെ മെത്രാപ്പോലീത്തൻട്രസ്റ്റി സ്ഥാനത്തുനിന്നു മാറ്റിയെങ്കിലും ഇവർ ഇരുവരും അത്മായട്രസ്റ്റി വൈദികട്രസ്റ്റി സ്ഥാനത്തു തുടർന്നു. ഇവർ മാർ കൂറിലോസിനോടൊപ്പം വട്ടിപ്പണത്തിന്റെ പലിശവാങ്ങി. ഇതിനെതിരെ വട്ടശ്ശേരിൽ തിരുമേനി ബ്രിട്ടീഷ് റസിഡന്റിനും മദ്രാസ് ഗവർണർക്കും കമ്പിയും ഹർജിയും നൽകി.

പണത്തിന്റെ യഥാർത്ഥ അവകാശികൾ ആരാണെന്ന് അവകാശമുള്ള കോടതിതീരുമാനിക്കണമെന്നും, പണം വാങ്ങിയവർ അത് തിരികെ അടയ്ക്കണമെന്നും റസിഡന്റ് നിർദ്ദേശിച്ചു. അതനുസരിച്ച് മാർ കൂറിലോസ്, കോനാട്ട് മല്പാൻ, സി.ജെ.കുര്യൻ എന്നിവർ പണം മടക്കി അടച്ചു.

### വട്ടിപ്പണക്കേസ്

തിരുവനന്തപുരം ഡിസ്ട്രിക്റ്റ് കോടതിയിൽ വട്ടിപ്പണപലിശ കെട്ടിവെച്ച് യഥാർത്ഥ അവകാശികൾ ആരാണെന്നു കോടതി തീരുമാനിച്ച് അവർക്കു പലിശ കൊടുക്കണമെന്ന് അപേക്ഷിച്ച് ബ്രിട്ടീഷ് ഗവൺമെന്റ് 1913 (1088)ൽ ഇന്റർ പ്ലീഡർ സ്യൂട്ട് എന്ന പേരിൽ കേസ് ഫയൽ ചെയ്തു. സമുദായത്തെ മുഴുവൻ ബാധിക്കുന്ന കേസായതിനാൽ അതിന്റെ പ്രാധാന്യം മനസ്സിലാക്കിയും കാലതാമസം ഒഴിവാക്കാനുമായി സർക്കാർ ഒരു പ്രത്യേക കോടതി ഉണ്ടാക്കി. ജി.ശങ്കരപ്പിള്ളയെ സെപ്ഷ്യൽ ജഡ്ജിയായി നിയമിച്ചു. ഇതിനിടെ പൗലോസ് മാർ കൂറിലോസ് നിര്യാതനായതിനാൽ അദ്ദേഹത്തിനു പകരം പൗലോസ് മാർ അത്താനാസിയോസിനെ പാത്രിയർക്കീസ് മലങ്കര മെത്രാപ്പോലീത്താ ആയി നിയമിക്കുകയും അദ്ദേഹം കേസിൽ കക്ഷിചേരുയും ചെയ്തു. ഏഴുവർഷത്തെ വാദപ്രതിവാങ്ങൾക്കു ശേഷം 1095 (1921) ൽ വിധി പ്രസ്താവിച്ചു. ജില്ലാ കോടതി വിധി വട്ടശ്ശേരിൽ തിരുമേനിക്ക് അനുകൂലമായിരുന്നു.

ജില്ലാകോടതിവിധിക്കെതിരെ പൗലോസ് മാർ അത്താനാസിയോസ്, കോനാട്ട് മല്പാൻ, സി.ജെ.കുര്യൻ തുടങ്ങിയ പാത്രിയർക്കീസ് വിഭാഗം ഹൈക്കോടതിയിൽ

(ശേഷം പേജ് 4-ൽ)

# മരണവീട്ടിലെ ഗ്രൂപ്പ് ഫോട്ടോ എടുക്കൽ അസഹനീയം, അരോചകം

റോയ് ചാക്കോ ഇളമണ്ണൂർ

ആഘോഷച്ചടങ്ങായ വിവാഹത്തിനിടെ നിരവധി ഫോട്ടോകൾ എടുക്കാറുണ്ട്. വധൂവരൻമാരോടൊപ്പം നിന്ന് ബന്ധുമിത്രാദികൾ ഗ്രൂപ്പ് ഫോട്ടൊയെടുക്കുന്നത് ഫോട്ടോസെഷനിൽ പങ്കാളികളാകുന്നവർക്കും അത് കാണുന്നവർക്കും സന്തോഷം നൽകുന്നു. മാമോദീസ, വീടുകൂദാശ തുടങ്ങിയ ചടങ്ങുകളിലും ഗ്രൂപ്പ് ഫോട്ടോ എടുക്കൽ പതിവാണ്. ഈ രീതി മരണവീട്ടിൽ മൃതദേഹത്തെ കാഴ്ചവസ്തുവായി വച്ച് അതിന്റെ പിന്നിൽ അണിനിരന്ന് ഗ്രൂപ്പ് ഫോട്ടോ എടുക്കുന്ന ഒരു 'പരിഷ്ക്കാര'ത്തിലേക്ക് രൂപാന്തരപ്പെട്ടിരിക്കുന്നു. ഇത് വളരെ അസഹനീയവും അരോചകവുമാണ്.

മരണവീട്ടിലെ കാഴ്ചകൾ, ശവസംസ്ക്കാര ശുശ്രൂഷാചടങ്ങ് എന്നിവയുടെയൊക്കെ ഫോട്ടോ ആൽബം മരിച്ച വ്യക്തിയുടെ അടുത്തബന്ധുക്കൾ പോലും പിന്നീട് കാണുവാൻ ആഗ്രഹിക്കുന്നവയല്ല. ദുഃഖം നൽകുന്ന കാഴ്ചയിലേക്ക് ആരാണ് കണ്ണുകൾ പായിക്കുക. അങ്ങനെയിരിക്കെയാണ് മൃതദേഹം പന്തലിൽ ഇറക്കിവച്ച് ശവപ്പെട്ടിയുടെ ഒരു സൈഡിൽ ബന്ധുമിത്രാദികളെ വരിവരിയായി നിർത്തി ഗ്രൂപ്പ്ഫോട്ടോ എടുപ്പിക്കുന്ന സംസ്ക്കാരശൂന്യമായ ഒരു ഫാഷൻ നമ്മുടെയിടയിൽ വളർന്നുവരുന്നത്. അതായത് കല്യാണത്തിന് മണവാളനോടും മണവാട്ടിയോടും ഒപ്പം നിന്ന് ഫോട്ടോ എടുക്കുന്ന അതേ മനോഭാവമാണ് ഇവിടെയും പ്രകടമാക്കുന്നത്.

കല്യാണത്തിന് ബന്ധുമിത്രാദികളുടെ പേരുവിളിച്ച് ചടങ്ങിനെ അരോചകമാക്കുന്നില്ല. എന്നാൽ ഇവിടെയാകട്ടെ, ഒരു വ്യക്തി മൈക്ക് കൈയിലെടുക്കുന്നു എന്നിട്ട് ക്രമം, ബന്ധം, പ്രദേശം എന്നിവയിലേതെങ്കിലുമൊന്ന് മാനദണ്ഡമാക്കി ബന്ധുക്കളെ ഫോട്ടോസെഷനുവേണ്ടി ക്ഷണിക്കുന്ന അപരിഷ്കൃതമായ ഒരു രീതിയാണ് കാണുന്നത്. ഇത് കണ്ടു നിൽക്കുന്നവരിൽ അറപ്പുളവാക്കുന്നുണ്ട് എന്നതാണ് സത്യം.

മരിച്ച ആൾ ജീവിച്ചിരുന്നപ്പോൾ അയാളുമായി യാതൊരു ബന്ധം പുലർത്താത്തവരും ഗ്രൂപ്പ് ഫോട്ടോയിൽ പങ്കാളിയാകും. മരിച്ച ആൾ ഒരു വർഷം രോഗിയായി കിടന്നപ്പോൾ ഒരിക്കൽ പോലും കാണാൻ വരാത്തവരും ഫോണിലൂടെയെങ്കിലും ഒന്ന് ആശ്വസിപ്പിക്കാത്തവരും ഒക്കെ മൃതശരീരത്തിന് മുന്നിൽ വന്നു നിന്ന് ദുഃഖം പ്രകടിപ്പിക്കുന്ന കോമാളിക്കാഴ്ച മരണാനന്തര ശുശ്രൂഷയെ അലങ്കോലമാക്കുകയാണ് ചെയ്യുന്നത്. മരിച്ച ആളുമായി ശത്രുത പുലർത്തിയിരുന്ന ബന്ധുക്കൾക്കും ഫോട്ടോ സെഷനിൽ പങ്കാളികളാകേണ്ടുന്ന ഗതികേടാണ് അനൗൺസർ വരുത്തി വയ്ക്കുന്നത്.

ഒരു വീട്ടിലെ ഫോട്ടോയെടുക്കൽ സെഷൻ ഇപ്രകാരം പോകുന്നു. മൃതശരീരം പെട്ടിയിലാക്കി വീടിന്റെ മുറ്റത്തെ പന്തലിൽ വയ്ക്കുന്നു. പിന്നെ ക്രമമനുസരിച്ച്, മൂപ്പനുസരിച്ച്, ബന്ധമനുസരിച്ച് ഗ്രൂപ്പ് ഫോട്ടോ എടുക്കൽ ചടങ്ങ് ആരംഭിക്കുകയായി. ചിലയിടങ്ങളിൽ പ്രദേശമനുസരിച്ചായിരിക്കും ഫോട്ടോയ്ക്ക് ഗ്രൂപ്പ് ക്രമീകരണം.

''മൂത്തമോളുടെ ഭർത്താവിന്റെ ബന്ധത്തിലുള്ള കോട്ടയത്തുകാർ വരട്ടെ, ഇളയമകന്റെ ഭാര്യയുടെ ബന്ധത്തിലുള്ള കൂത്താട്ടുകുളംകാർ വരട്ടെ, നടുവിലത്തെ മകളുടെ ഭർത്താവിന്റെ ബന്ധത്തിലുള്ള കൊട്ടിയത്തുകാർ വരട്ടെ, മാവിയുടെ മാവേലിക്കരയിലെ വീട്ടുകാർ വന്ന് ഫോട്ടോ എടുക്കട്ടെ'' എന്നിങ്ങനെ ഒരാൾ അനൗൺസ് ചെയ്തുകൊണ്ടിരിക്കും.

സമയോചിതമല്ലാത്ത ഇതിൽ നിന്നും രക്ഷപ്പെടാനായി ചില ബന്ധുക്കൾ ആസമയം മൂത്രമൊഴിക്കുക, കക്കൂസിൽ പോവുക എന്ന ഭാവേന ബാത്ത്റൂമിൽ കയറും. മറ്റുചിലർ വീടിന്റെ പുറകുവശത്തേയ്ക്കു മാറി രക്ഷപ്പെടും.

അപ്പോൾ അനൗൺസർ ഉച്ചത്തിൽ വിളിച്ചു കൂവും ''ആലപ്പുഴയിലെ അച്ചായനെന്തിയേ? വേഗം വന്നു നിൽക്ക്. അമ്പലപ്പുഴയിലെ കൊച്ചമ്മയെക്കൂട്ടി വന്നു നിൽക്ക്, അമ്പലപ്പുഴയിലെ കൊച്ചമ്മയെന്തിയേ" എന്നൊക്കെ.

ഔചിത്യമര്യാദയില്ലാത്ത ഈ ചടങ്ങ് കബറടക്ക ശുശ്രൂഷയെ അരോചകമാക്കും. ഈ ചടങ്ങ് അനുചിതമെന്ന് വിവരമുള്ളവർ പറഞ്ഞാൽ പൊങ്ങച്ചക്കാരായ വിവരദോഷികൾ കേട്ടമട്ടുനടിക്കില്ല.

രണ്ടുവർഷം രോഗിയായി കിടന്നപ്പോൾ ഒരിയ്ക്കൽ പോലും വന്നു കാണാത്ത ബന്ധുക്കൾ ശവത്തിനുമുന്നിൽ വടിപോലെ നിന്ന് ദുഃഖസീൻ അഭിനയിക്കുന്ന അരോചകമായ ഈ പരിപാടി കണ്ട് മൃതശരീരം പോലും നാണിച്ചുപോകും.

മറ്റൊരുവീട്ടിലെ അനുഭവം ഇങ്ങനെയായിരുന്നു: മക്കളിൽ ചിലർ വിദേശരാജ്യങ്ങളിൽ. ചിലർക്കു പൂത്തപണം. അപ്പന്റെ ശവസംസ്ക്കാരത്തിന് വലിയ വീഡിയോകവറേജ് ഏർപ്പെടുത്തി. ഗ്രൂപ്പ് ഫോട്ടോ എടുക്കലിന്റെ പ്രളയം. വീഡിയോ ഗ്രാഫർക്കും ഫോട്ടാഗ്രാഫർക്കും വലിയ പങ്കാളിത്തമുണ്ടായിരുന്ന, മേധാവിത്വമുണ്ടായിരുന്ന സംസ്ക്കാരച്ചടങ്ങ് പൂർത്തിയായി. ഒരാഴ്ചയ്ക്കുള്ളിൽ ഓർമ്മക്കുർബാനയും നടത്തി പൂത്തപണമുള്ള മകൻ വിദേശത്തേയ്ക്ക് തിരികെപ്പോകാൻ തയ്യാറാകുന്നു. അതറിഞ്ഞ ഫോട്ടോഗ്രാഫറും വീഡിയോഗ്രാഫറും ഓടിക്കിതച്ച് വീട്ടിലെത്തി. "സാറേ, ആൽബമൊക്കെ സെറ്റാക്കാൻ ഒന്നു രണ്ടു ദിവസം കൂടി വേണം. വീഡിയോയുടെ ഡിവിഡിയും അന്നു തരാം. സാറു നാളെ പോകയാണല്ലോ. അഡ്വാൻസ് നൽകിയതിന്റെ ബാക്കി നാലപ്തിനായിരം രൂപ കൂടി കിട്ടാനുണ്ട്".

ഇതു കേട്ട നിമിഷം തന്നെ പ്രവാസി മകൻ നാൽപതിനായിരം രൂപയുടെ ചെക്ക് എഴുതി അവരെ ഏൽപിച്ചിട്ടു പറഞ്ഞു, ''തിരക്കൊന്നുമില്ല; പതുക്കെചെയ്താൽ മതി. ഞാൻ അടുത്ത വർഷം വരുമ്പോൾ തന്നാലും മതി''. എന്നിട്ട് കൂട്ടിച്ചേർത്തു. ''തന്നില്ലെങ്കിലും കുഴപ്പമില്ല, ഇതൊക്കെ ഇനി ആരു കാണാൻ?"

ഇതൊക്കെയാണ് നമ്മുടെയിടയിലെ ഇപ്പോഴത്തെ അവസ്ഥ. എവിടെയും ഒരു പൊങ്ങച്ചമയം. പണക്കൊഴുപ്പ് അഹങ്കാരത്തെയും ആഡംബരത്തെയും ധാർഷ്ട്യത്തെയും പാലൂട്ടി വളർത്തുന്ന അവസ്ഥ. അവയെല്ലാം കൂടി ചേർന്ന് വിവേകത്തെയും പക്വതയെയും സംസ്ക്കാരത്തെയും തകർക്കുന്ന ദുരവസ്ഥ. നമ്മുടെയിടയിൽ ഇതു കൂടുതലാണ്. ദുഃഖകരമായ മരണം ആഘോഷമാക്കി, ആഡംബരമാക്കി, കൃത്രിമത്വം നിറഞ്ഞ ഒരു ഫാഷൻ പരേഡാക്കുവാൻ നമ്മളിൽ ചിലർ മത്സരിക്കുന്നു. ഉള്ളിന്റെ ഉള്ളിൽ നിന്ന് ബന്ധുമിത്രാദികളോടുള്ള കരുതൽ കുറഞ്ഞതാണ് ഇതിനു കാരണം.

ഈ യുവതലമുറയ്ക്ക് മാതാപിതാക്കളോടുപോലും സ്നേഹമോ ബഹുമാനമോ ഇല്ലാത്ത ദുരന്തത്തിലാണ്. പിന്നീടല്ലേ മാതാപിതാക്കളുടെ സഹോദരങ്ങളോടോ മറ്റ് ബന്ധുക്കളോടോ അവർക്കു കരുതൽ? കാമുകൻ, കാമുകി, കൂട്ടുകാരൻ, കൂട്ടുകാരി എന്നീ പദങ്ങൾ മാത്രമേ യുവതലമുറയിലെ നല്ലൊരു ശതമാനം പേരുടേയും ഹൃദയത്തിന്റെ ഉള്ളിലുള്ളൂ. പിന്നീടു കാണിക്കുന്നതൊക്കെ വെറുമൊരു ഷോ ആണ്. ഭാര്യ, ഭർത്താവ്, മക്കൾ എന്നിവരോടുള്ള കരുതൽ നിലനിൽക്കുന്നുണ്ട് എന്നതാണ് ആശ്വാസകരം. അതിന്റെ ആയുസ് ഇനി എത്രനാൾ കൂടി എന്ന ചോദ്യം അവശേഷിക്കുന്നു. ചില പിള്ളേർ അവരുടെ ഇടുങ്ങിയ ബന്ധുലോകത്ത് കൂട്ടിന് കസിനെക്കൂടി ഉൾപ്പെടുത്തും. നഗരത്തിലെ ഫ്ളാറ്റിൽ നിന്നും അവധിക്കാലത്ത് പിതാവിന്റെ വീട്ടിൽ വന്നു നിന്ന കോളേജ്കുമാരിയോട് കൂട്ടുകാരികൾ ഫോണിൽ അന്വേഷിച്ചു: "നീയിപ്പോൾ എവിടെയാ?" അവൾ മറുപടി നൽകി: "എന്റെ ഒരു കസിന്റെ വീട്ടിലാ". ഈ കൗമാരക്കാരി ഇന്നത്തെ യുവതലമുറയുടെ ഉത്തമ പ്രതീകമാണ്. അവൾ അവധിക്കാലം ചെലവഴിച്ചത് അവളുടെ അപ്പച്ചന്റേയും അമ്മച്ചിയുടേയും കൂടെയാണ്. അതായത് അവളുടെ പിതാവിന്റെ വീട്ടിൽ. കൃത്യമായി പറഞ്ഞാൽ അവളുടെ കുടുംബത്തിൽ. എന്നാൽ ആ പെൺകുട്ടിയുടെ മാനസിക വ്യാപാരത്തിൽ വല്യപ്പനും വല്യമ്മയ്ക്കും സ്ഥാനമില്ല. മനസിന്റെ അടിത്തട്ടിൽ കുടുംബവീടെന്ന ചട്ടക്കൂടില്ല, ചിന്തയില്ല. ആ വീട്ടിലെ അവളുടെ കസിൻ (പിതാവിന്റെ സഹോദരന്റെ മകൾ) മാത്രമാണ് ആ പെൺകുട്ടിയുടെ മനസ്സിലെ കുടുംബചിത്രത്തിൽ തെളിഞ്ഞു നിൽക്കുന്നത്!

## ആശ്വാസം....പേജ് 1–ൽനിന്ന്

ഞ്ഞു. കുറിയാക്കോസ് മാർ ക്ലിമ്മീസ് അദ്ധ്യക്ഷത വഹിച്ചു. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മുഖ്യപ്രഭാഷണം നടത്തി. മാത്യൂസ് മാർ തേവോദോസ്യോസ്, ഡോ.ജോഷ്വാ മാർ നിക്കോദിമോസ്, ഡോ.മാത്യൂസ് മാർ തീമോത്തിയോസ്, ഡോ.ഏബ്രഹാം മാർ സെറാഫിം, ഫാ.ഡോ.എം.ഒ.ജോൺ, അഡ്വ.ബിജു ഉമ്മൻ തുടങ്ങിയവർ സംബന്ധിച്ചു. ഉച്ചയ്ക്കുശേഷം നടന്ന സുവിശേഷയോഗത്തിൽ ഫാ.ഗീവർഗീസ് വള്ളിക്കാട്ടിൽ പ്രസംഗിച്ചു. ഡോ.ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.

## സഭകൾക്കുള്ളിലെ....പേജ് 1–ൽനിന്ന്

വിശ്വാസികൾക്ക് കഴിയുന്നില്ല. ഈ സാഹചര്യത്തിലാണ് നിയമനിർമ്മാണം വേണ്ടിവരുന്നതെന്ന് കമ്മീഷൻ ചൂണ്ടിക്കാട്ടുന്നു.

പണമിടപാട് സംബന്ധിച്ച് വാർഷിക ഓഡിറ്റ് നിർബന്ധമാക്കണമെന്ന് നിയമത്തിന്റെ കരട് ശുപാർശ ചെയ്യുന്നു. സഭാസ്വത്ത് വാടകയ്ക്കോ പാട്ടത്തിനോ നൽകുന്നതു സംബന്ധിച്ചും സുതാര്യമായ കണക്കു സൂക്ഷിക്കുകയും ഓഡിറ്റിന് വിധേയമാക്കുകയും വേണം. ഈ കണക്ക് വാർഷിക പൊതുയോഗത്തിൽ അവതരിപ്പിക്കേണ്ടതും നേതൃത്വത്തിന്റെ ഉത്തരവാദിത്വമാണ്. നിയമത്തിന്റെ കരടു സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നുള്ള അഭിപ്രായങ്ങൾ കേട്ടശേഷമാകും നിയമനിർമ്മാണ നടപടികളിലേക്ക് പോവുക.

## ഗിവ് സൈറ്റ് പ്രോജക്റ്റ് വഴി ഒരന്ധന് കാഴ്ച നൽകുക

**എം.ഒ.എസ്.സി. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, പി.ഒ. കാര്യമ്പാടി, വയനാട്, കേരള–673 591, ഫോൺ : 04936–247274, 248034**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ മിഷന്റെ ഭരണഘടന അനുസരിച്ച് പ.ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായി മലബാർ മേഖലയിൽ വയനാട് ജില്ലയിൽ 1986 മുതൽ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന കാര്യമ്പാടി കണ്ണാശുപത്രി പ്രദേശവാസികളുടെ കണ്ണും കാഴ്ചയുമായി മലങ്കരസഭയുടെ അഭിമാനമായി പരിലസിക്കുന്നു. ചികിത്സ തേടുവാൻ മാർഗ്ഗമില്ലാതെ വിഷമിക്കുന്നവർക്ക് എല്ലാവിധ നേത്രചികിത്സയും സൗജന്യമായി നൽകിവരുന്നു. ഗിവ്സൈറ്റ് പദ്ധതിയിലൂടെ 2017 മാർച്ച് വരെ ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിൽ വെച്ചുള്ള ആധുനിക താക്കോൽദ്വാര തിമിര ശത്രക്രിയ 5904 പേർക്ക് സൗജന്യമായി നടത്തിക്കൊടുക്കുവാൻ സാധിച്ചു. അതുപോലെ 3553 പേർക്ക് സൗജന്യമായി മറ്റു വിവിധ ശസ്ത്രക്രിയകൾ നടത്തുകയുണ്ടായി. വയനാട്ടിലെ ഒരു ഉൾനാടൻ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഇതിനകം രണ്ടരകോടി (2.5കോടി) രൂപയുടെ സൗജന്യചികിത്സ നൽകുവാൻ സാധിച്ചത് സുമനസ്സുകളുടെ സഹകരണംകൊണ്ട് മാത്രമാണ്. ഗിവ്സൈറ്റ് പദ്ധതിവഴി ഒരു ശസ്ത്രക്രിയക്ക് 2000/– (രണ്ടായിരം) രൂപ വെച്ച് എത്ര ശസ്ത്രക്രിയവേണമെങ്കിലും താൽപര്യമുള്ളവർക്ക് സ്പോൺസർ ചെയ്യാവുന്നതാണ്. ഓരോ ശസ്ത്രക്രിയയ്ക്കും കൂടുതലായി വേണ്ടിവരുന്ന തുക ആശുപത്രിയുടെ ചുമതലയിൽ കണ്ടെത്തുന്നതാണ്. ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ഇതുവരെ നൽകിയ സഹായങ്ങൾക്ക് ഏവരോടും നന്ദി അറിയിക്കുന്നു.

നിങ്ങളുടെ സംഭാവനകൾ ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ SB A/C 0827101010768 നമ്പറിലേക്ക് ബാങ്ക് മുഖേന നേരിട്ടോ തരാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേന അയക്കുന്നവർ ടെലഫോൺ മുഖേനയോ കത്തയച്ചോ വിവരം അറിയിച്ചാൽ രസീത് വേഗത്തിൽ അയച്ചുതരുവാൻ സാധിക്കുമായിരുന്നു. NRI അക്കൗണ്ടിൽനിന്ന് പണം അയക്കുന്നവർ ആശുപത്രിയുടെ FCRA അക്കൗണ്ട് 0827101010684 നമ്പറിലേക്ക് അയക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം

ചെക്കിലും ഡി.ഡി.യിലും Treasurer, Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് എഴുതി ക്രോസ് ചെയ്ത് അയക്കാൻ ശ്രമിക്കുമല്ലോ.

**ഗവേണിംഗ് ബോർഡിനുവേണ്ടി, സെക്രട്ടറി**

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ**

Mob : 9446733201

# സുറിയാനി സത്യവിശ്വാസസഭയിലെ മതോപദേശസാരങ്ങൾ : പ.വട്ടശ്ശേരിൽ തിരുമേനി

**വട്ടശ്ശേരിൽ തിരുമേനി 1892–ൽ മലങ്കര മല്പാൻ ആയിരുന്നപ്പോൾ എഴുതി അന്നത്തെ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ യൗസേഫ് ദീവന്നാസിയോസിന്റെ അനുമതിയോടെ പ്രസിദ്ധീകരിച്ച മലങ്കരസഭയുടെ വിശ്വാസത്തെപ്പറ്റിയുള്ള ആദ്യത്തെ ഔദ്യോഗിക ഗ്രന്ഥം**

### (മുഖവുര)

ഒരു മതത്തിൽ ഉൾപ്പെട്ട ഏവനും ആ മതത്തിലെ വിശ്വാസരീതി മുതലായവ പഠിച്ചിരിക്കേണ്ടത് അത്യാവശ്യമാണല്ലോ. മലയാളത്തുള്ള സത്യവിശ്വാസ സഭയിൽ ഉൾപ്പെട്ടവർക്ക് തങ്ങളുടെ വിശ്വാസരീതി മുതലായവ വായിച്ചറിയുന്നതിനു തക്കതായ പുസ്തകങ്ങൾ മലയാളഭാഷയിൽ വളരെ ദുർലഭമാകെയാൽ അവർ അന്യമതക്കാരുടെ വിശ്വാസരീതിക്കടുത്ത പുസ്തകങ്ങൾ വായിച്ചുപഠിക്കുകയും അങ്ങനെ ആദ്യമെ അവർക്കു കിട്ടുന്ന അറിവ് സത്യമുള്ളതെന്നുറച്ചുകൊണ്ട് ഈ വിശുദ്ധസഭയുടെ വിശ്വാസത്തിനെതിരായി പുറപ്പെടുകയും ചെയ്തുകാണുന്നത് അനുഭവസിദ്ധവും ആണല്ലോ. ഈ കുറവിനെ പൂർണ്ണമായി പരിഹരിപ്പാൻ ഈ ചെറിയ പുസ്തകം മതിയാകാത്തതെങ്കിലും വേദസത്യത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ വിശുദ്ധസഭയുടെ ഉപദേശപ്രകാരമുള്ള വിശ്വാസരീതികളെയും മതാചാരങ്ങളെയുംകുറിച്ച് ഏവർക്കും ഒരു സാധാരണ അറിവു കൊടുത്ത് സത്യവിശ്വാസത്തിൽ ഉറപ്പിപ്പാൻ തക്കവണ്ണം ഇത് ഉപകരിക്കാതിരിക്കുകയില്ലെന്നു വിശ്വസിക്കുന്നു. ഇത് ശുദ്ധ മാർ ഗ്രീഗോറിയോസ്, ബാറെബ്രായ മുതലായ ഗ്രന്ഥകർത്താക്കന്മാരുടെ മനാറസ്ക്കുദീശാ, സൽഗാ, കാനോൻ മുതലായി വിശ്വാസയോഗ്യമുള്ള പുസ്തകങ്ങളെ പരിശോധിച്ച് ചമച്ചിട്ടുള്ളതാകുന്നു. പൂർവ്വകാലത്ത് വി.സഭയുടെ വിശ്വാസത്തിനെതിരായി എഴുന്നേറ്റിട്ടുള്ള വേദവിപരീതികളുടെ പേരുകളും അവരുടെ ഉപദേശച്ചുരുക്കവും അറിയണമെന്ന് പലരും ആവശ്യപ്പെടുകയാൽ ആയതിന്റെ ഒരു ചുരുങ്ങിയ പട്ടികയും ഈ പുസ്തകത്തിന്റെ അവസാന ഭാഗത്തു ചേർത്തിരിക്കുന്നു.

(കുറിപ്പ് – 34 : സംഗതികൾ ആണ് ഇതിലുള്ളത്. വായനക്കാരുടെ സൗകര്യത്തിന് ഓരോ സംഗതിക്കും ആസ്പദമായ വേദഭാഗസൂചനകൾ ഓരോ സംഗതിയുടെയും അവസാനത്തിൽ ചേർത്തിരിക്കുന്നു.)

### 1–ാം സംഗതി

### ശുദ്ധമുള്ള ത്രിത്വത്തെക്കുറിച്ച്

1. കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ ജീവനും സത്യവുമുള്ള ദൈവം ഒരുവൻ ഉണ്ട്.

2. സകലത്തിന്റെയും ആദികാരണനായിരിക്കുന്ന ഈ ഏകദൈവം അല്ലാതെ വേറെ ഒരു ദൈവവും ഇല്ല.

3. താൻ അനാദിയായുള്ളവനും നിത്യനും 4. അശരീരിയും 5. ജഢകൺകളാൽ കാണപ്പെടാത്തവനും 6. സർവ്വശക്തനും 7. സർവ്വജ്ഞാനിയും 8. സർവ്വവ്യാപിയും 9. നന്മയിൽ പൂർണ്ണനും 10. നിർണ്ണയിക്കപ്പെടാവതല്ലാത്തവനും 11. ഭേദമില്ലാത്തവനും

12. സകലത്തേയും ഭരിക്കുന്നവനും ആകുന്നു. 13. ഈ ദൈവത്വത്തിൽ പിതാവെന്നും പുത്രനെന്നും ശുദ്ധറൂഹായെന്നും മൂന്ന് ആളുകളുണ്ട്. 14. ആയത് ത്രിത്വത്തിൽ ഏകത്വവും ഏകത്വത്തിൽ ത്രിത്വവുമത്രെ. തമ്മിൽ മുമ്പുപിമ്പോ വലിപ്പച്ചെറുപ്പമോ ശക്തിവ്യത്യാസമോ ഇല്ല. ഈ മൂന്നാളുകൾക്കും ഏക സാരാംശവും ഏക രാജത്വവും ഏക സ്വഭാവവും ഏക ഇഷ്ടവും ഏക നിരൂപണവും ഏക ശക്തിയും ഏക ശ്രേഷ്ഠതയും ഏക കർത്തവ്യവുമാകുന്നു.

### സൂചനകൾ

1. ആദ്യ 1:1 ആദിയിൽ ദൈവം ആകാശത്തെയും ഭൂമിയേയും സൃഷ്ടിച്ചു. ഏശാ.44:24 സകലത്തെയും ഉണ്ടാക്കിയ കർത്താവ് ഞാൻ ആകുന്നു. ആവർത്ത.5:26 അഗ്നിയുടെ നടുവിൽനിന്നു സംസാരിക്കുന്ന ജീവനുള്ള ദൈവത്തിന്റെ ശബ്ദം കേൾക്കയും ജീവനോടെയിരിക്കുകയും ചെയ്തവനായി ഞങ്ങളെപ്പോലെയുള്ള മനുഷ്യൻ ആരുള്ളു. 1.യോഹ.5:20 ദൈവപുത്രൻ വന്നു എന്നും സത്യമുള്ളവനെ അറിവാനായി നമുക്ക് ബുദ്ധി തന്നു എന്നും നാം അറിയുന്നു. നാം സത്യമുള്ളവനിൽ തന്റെ പുത്രനായ യേശുമിശിഹായിൽ തന്നെ ആയിരിക്കും. ഇവൻ സത്യദൈവവും നിത്യജീവനും ആകുന്നു. ദാനി.2:28 എന്നാലോ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നവനായ സ്വർഗ്ഗത്തിന്റെ ദൈവം ഉണ്ട്.

2. ഏശാ.43:11 ഞാൻ കർത്താവാകുന്നു. എന്നെക്കൂടാതെ പിന്നെ ഒരുത്തനും ഇല്ല. ഏശാ.45:5,6 ഞാൻ കർത്താവാകുന്നു, വേറെ ഇല്ല. എന്നെ കൂടാതെ ദൈവം ഇല്ല. ഞാൻ കർത്താവാകുന്നു മറ്റൊരുത്തനുമില്ല.

3. ഏശാ. 41:1 ഞാൻ കർത്താവാകുന്നു, ഞാൻ ആദ്യനും അന്ത്യനും ആകുന്നു. ഏശാ 43:10 എനിക്കു മുൻപേ ഒരു ദൈവവും സൃഷ്ടിക്കപ്പെട്ടിട്ടില്ല, എന്റെ ശേഷം ഉണ്ടാവുകയുമില്ല.

4. യോഹ.4:24 എന്തുകൊണ്ടെന്നാൽ ദൈവം ആത്മാവാകുന്നു.

5. 1 തിമോ.6;16 മനുഷ്യരിൽ ഒരുത്തനും തന്നെ കണ്ടിട്ടില്ല. കാണ്മാൻ കഴിയുന്നതുമല്ല.

6. മത്താ.19:29 എന്നാൽ ദൈവത്താൽ സകലവും കഴിയുന്നു. ലൂക്കോ.1:37 എന്തുകൊണ്ടെന്നാൽ ദൈവത്തിന് യാതൊന്നും പ്രയാസമില്ല.

7. സങ്കീ.147:5 അവന്റെ തിരിച്ചുവരവിന് അവധി ഇല്ല.

8. സങ്കീ.139:7 നിന്റെ ആത്മാവിൽനിന്നു ഞാൻ എവിടെപോകും. നിന്റെ മുൻപാകെനിന്നു ഞാൻ എവിടെ മറഞ്ഞിരിക്കും.

9. പുറ.34:6 ദൈവമായ കർത്താവ് കരുണയുള്ളവനും കൃപയുള്ളവനും ദീർഘശാന്തനും ആകുന്നു. തന്റെ കൃപയും സത്യവും വളരെയാകുന്നു.

10. യോബ് 11:7 ദൈവത്തെക്കുറിച്ചുള്ള വിവരം അറിവാൻ നിനക്കു കഴിയുമോ?

11. യാക്കോ.1:17 നല്ലതും പരിപൂർണ്ണമുള്ളതുമായ സകല നൽവരവും മേലിൽനിന്നു പ്രകാശങ്ങളുടെ പിതാവിൽനിന്നു ഇറങ്ങിവന്നു. തന്റെ പക്കൽ യാതൊരു പകർച്ചയും വികാരത്തിന്റെ ഒരു നിഴലും ഇല്ല.

12. ലൂക്കോ 10:21 സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ എന്റെ പിതാവെ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു.

13. ആദ്യ.1:26 ദൈവം പറഞ്ഞു:- നാം നമ്മുടെ സാദൃശ്യത്തിൽ നമ്മുടെ സ്വരൂപത്തിൻപ്രകാരം മനുഷ്യനെ ഉണ്ടാക്കുക. മത്താ.28:19 ആകയാൽ നിങ്ങൾ പോയി സകല ജാതികളെയും ശിഷ്യപ്പെടുത്തി പിതാവിന്റെയും പുത്രന്റെയും ശുദ്ധമുള്ള റൂഹായുടെയും നാമത്തിൽ അവരെ മാമോദീസാമുക്കുവിൻ. ആദ്യ.11:7, മത്താ.3:16,17

14. ഏശാ.6:3 ഭൂമി മുഴുവനും തന്റെ സ്തുതികളാൽ നിറഞ്ഞിരിക്കുന്ന സർവ്വശക്തിയുള്ള കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഒരുത്തനോട് ഒരുത്തൻ വിളിച്ചു പറയുന്നു.

### 2–ാം സംഗതി

### പിതാവിനെക്കുറിച്ച്

1. ത്രിത്വത്തിൽ ഒരുവനായിരിക്കുന്ന പിതാവായ ദൈവം സർവ്വശക്തനും 2. ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവും അനാദിയായി തന്നിൽനിന്നു ജനിച്ച വചനമായ പുത്രന്റെ ജനകനും ദൈവത്വത്തിന്റെ സകല ലക്ഷണങ്ങളോടുംകൂടിയവനും ആകുന്നു.

### 2–ാം സംഗതി – സൂചനകൾ

1. യോഹ.10:29 എന്തുകൊണ്ടെന്നാൽ അവയെ എനിക്കു തന്നിട്ടുള്ള എന്റെ പിതാവ് എല്ലാവനെക്കാൾ വലിയവനാകുന്നു. എന്റെ പിതാവിന്റെ കയ്യിൽനിന്ന് അപഹരിപ്പാൻ ഒരുത്തനും കഴിയുകയില്ല.

2. 1കൊരി.8:6 എന്നാലോ നമ്മുക്ക് പിതാവായ ദൈവം ഒരുവനെ ഉള്ളു. സകലവും തന്നിൽനിന്നും നാം തന്നിലും ആകുന്നു.

### 3–ാം സംഗതി

### പുത്രനെക്കുറിച്ച്

1. ത്രിത്വത്തിൽ ഒരുവനായി പിതാവിന്റെ വചനവും പുത്രനുമായവൻ അനാദിയായി പിതാവിൽനിന്ന് ജനിച്ചവനും 2. സാരാംശത്തിൽ പിതാവിനും ശുദ്ധമുള്ള റൂഹായ്ക്കും സമനും സൃഷ്ടിയല്ലാത്തവനും ആകുന്നു. 3. താൻ ദൈവീകസ്ഥിതിയിൽനിന്നു യാതൊരു ഭേദവും കൂടാതെ തന്റെയും പിതാവിന്റെയും ശുദ്ധമുള്ള റൂഹായുടെയും ഇഷ്ടപ്രകാരം മനുഷ്യരുടെ രക്ഷയ്ക്കായി വെടിപ്പുള്ള കന്യകയിൽനിന്ന് ജഡമെടുത്ത് മനുഷ്യനായിത്തീരുകയും 4. ജഡത്തിൽ സത്യമായിട്ടു കഷ്ടപ്പെടുകയും 5. കുരിശിൽ തറയ്ക്കപ്പെടുകയും 6. മരിക്കയും 7. കബറടക്കപ്പെടുകയും 8. പാതാളത്തിലേക്ക് ഇറങ്ങിച്ചെന്ന് പാതാളത്തിലുള്ളവരോട് പ്രസംഗിക്കുകയും 9. ഉയർപ്പിന്റെ ശേഷം 10. നാൽപതാംദിവസം സ്വർഗ്ഗത്തിലേക്ക് കരേറി മഹത്വത്തിൽ തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുകയും ചെയ്തു. താൻ മനുഷ്യനായിത്തീർന്നു എന്നുള്ളതു കന്യകയിൽനിന്നു ജനിച്ച ഒരു നീതിയുള്ള മനുഷ്യനിൽ വസിച്ചു എന്നല്ല 11. എന്നാലോ സാക്ഷാൽ ദൈവമായ താൻ പുരുഷസംബന്ധം കൂടാതെ ശുദ്ധമുള്ള റൂഹായാൽ കന്യകയിൽനിന്നു ജഢം എടുത്തു സാക്ഷാൽ മനുഷ്യനായിത്തീരുകയും 12. ദൈവസ്വഭാവം ഭേദപ്പെട്ടു മനുഷ്യസ്വഭാവമായിത്തീരുകയോ തമ്മിൽ സമ്മിശ്രപ്പെടുകയോ കൂടിക്കലർന്നു വേറൊരു വസ്തുവായിതീരുകയോ, ഒന്നിനാൽ ഒന്നു നശിച്ചുപോകുകയോ ചെയ്യാതെ ദൈവത്വവും മനുഷ്യത്വവും എന്ന രണ്ടു സ്വഭാവങ്ങൾ ഒരിക്കലും വേർതിരിയപ്പെടാത്തപ്രകാരം ദൈവത്വത്തിന്റെയും പാപം ഒഴികെ മനുഷ്യത്വത്തിന്റെയും പൂർണ്ണ ലക്ഷണങ്ങളോടുകൂടെ യോജിക്കപ്പെടുകയും ചെയ്തു. ഈ യോജിപ്പ് മഹാ അത്ഭുതമായിട്ടുള്ളതാകുന്നു.

13. യോജിപ്പിന്റെ ശേഷം രണ്ടുസ്വഭാവങ്ങളായോ രണ്ട് ക്നൂമാക്കൾ (ആളുകൾ) വേർതിരിയപ്പെടാവുന്നതല്ല. എന്നാലോ ഏകസ്വഭാവവും ഏക ആളും ഏക പർസൂപ്പയും (മുഖം) ഏക ഇഷ്ടവും ഏക വ്യാപാരവും അത്രെ.

(ഇവിടെ പർസൂപ്പാ അല്ലെങ്കിൽ മുഖം എന്നു പറഞ്ഞിരിക്കുന്നത് ജഢത്തിനടുത്ത മുഖത്തെക്കുറിച്ചല്ല. ഹൃദയംകൊണ്ട് സങ്കല്പിക്കപ്പെടാവുന്ന ഒരു ആകൃതിയെക്കുറിച്ചത്രെ.)

താൻ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും ആകുന്നു. തന്റെ മരണസമയം ആത്മാവ് ശരീരത്തിൽനിന്നു വേർപിരിഞ്ഞപ്പോൾ 14. തന്റെ ദൈവത്വം ആത്മാവിൽനിന്നും ശരീരത്തിൽനിന്നും വേർതിരിയാതെ അവ രണ്ടിനോടും കൂടെ ഉണ്ടായിരുന്നു. 15. ഉയർത്തെഴുന്നേൽപ്പിൽ തന്റെ ശരീരത്തെ നാശമില്ലാതാക്കിത്തീർത്തതിനാൽ ഇനിമേൽ മരണം തന്നിൽ അധികാരപ്പെടുന്നതുമല്ല. 16. താൻ വഴിയും സത്യവും ജീവനുമാകുന്നു. തന്നാൽ അല്ലാതെ യാതൊരു ജഢവും രക്ഷിക്കപ്പെടുന്നതല്ല. 17. ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാനായിട്ടു വലിയതായ തന്റെ മഹത്വത്തോടുകൂടെ രണ്ടാമത് താൻ വരികയും ചെയ്യും.

### 3–ാം സംഗതി – സൂചനകൾ

1. യോഹ.1:1 ആദിയിൽ വചനം ഉണ്ടായിരുന്നു. ആ വചനം ദൈവത്തോടുകൂടെയായിരുന്നു. ആ വചനം ദൈവവുമായിരുന്നു. 1:14 അവന്റെ മഹത്വം പിതാവിൽനിന്നുള്ള ഏകജാതനായവന്റെ മഹത്വം പോലെ ഞങ്ങൾ കാണുകയും ചെയ്തു.

2. യോഹ.10:30 ഞാനും എന്റെ പിതാവും ഞാനാകുന്നു.

3. മലാ.3:6 എന്തുകൊണ്ടെന്നാൽ ഞാൻ കർത്താവാകുന്നു. ഞാൻ ഭേദപ്പെട്ടിട്ടില്ല. എബ്രാ.2:14 മക്കൾ ജഢത്തിലും രക്തത്തിലും സംബന്ധിക്കപ്പെട്ടിരിക്കകൊണ്ട് ആ സദൃശത്തിൽ തന്നെ താനും അവയിൽ സംബന്ധപ്പെട്ടു. യോഹ.1:14 വചനം ജഢമായി നമ്മിൽ വസിച്ചു.

4. അ.പ്ര.1:3 താൻ കഷ്ടപ്പെട്ടശേഷം...........

5. മർക്കോ 15:24 അവർ അവനെ കുരിശിൽ തറച്ചശേഷം..............

6. റോമർ 5:6 എന്നാൽ മിശിഹാ നമ്മുടെ ബലഹീനത നിമിത്തം ഈ കാലത്തു ദുഷ്ടന്മാർക്കുവേണ്ടി മരിച്ചു എങ്കിൽ..........

7. 1കൊരി.15:4 താൻ കബറടക്കപ്പെടുകയും...........

8. 1പത്രോ.3:10 പാതാളത്തിൽ പിടിക്കപ്പെട്ടിരുന്ന ആത്മാക്കളോടു താൻ പ്രസംഗിച്ചു.

9. അ.പ്ര.2:32 ഈ യേശുവിനെ ദൈവം ഉയർത്തെഴുന്നേൽപ്പിച്ചു. ഞങ്ങൾ എല്ലാവരും തന്റെ സാക്ഷികൾ ആകുന്നു. ലൂക്കോ.24:39 ഞാൻ തന്നെ ആകുന്നു എന്ന് എന്റെ കൈകളെയും കാലുകളെയും നോക്കി എന്നെ തൊട്ടുനോക്കി അറിവിൻ. എനിക്കുണ്ടെന്നു നിങ്ങൾ കാണുന്നതുപോലെ ഒരു ആത്മാവിന് മാംസവും അസ്തികളും ഇല്ലല്ലോ.

10. ലൂക്കോ.24:51 താൻ അവരെ അനുഗ്രഹിക്കുമ്പോൾ അവരിൽനിന്നു പിരിഞ്ഞ് സ്വർഗ്ഗത്തിലേക്ക് കരേറി.

11. എബ്രാ.2:16 എന്തുകൊണ്ടെന്നാൽ താൻ മാലാഖമാരിൽനിന്നു സ്വഭാവം എടുത്തിട്ടില്ല. എന്നാലോ അബ്രഹാമിന്റെ സന്തതിയിൽനിന്നു താൻ എടുത്തു. യോഹ.1:14 വചനം ജഢമായി നമ്മിൽ വസിച്ചു. ഏശാ.7:14 കണ്ടാലും കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവന്റെ പേര് അമ്മാനുവേൽ എന്നു വിളിക്കപ്പെടുകയും ചെയ്യും.

12. കൊലോ.2:9 തന്നിൽ ദൈവത്തിന്റെ പൂർണ്ണതയൊക്കെയും ശരീരസംബന്ധമായി വസിക്കുന്നു. എബ്രാ.2:9 ദൈവം തന്റെ കൃപയാൽ എല്ലാവനും വേണ്ടി മരണം ആസ്വദിച്ചു. തീത്തോ.2:13 വാഴ്ത്തപ്പെട്ട ശരണത്തിനും മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ യേശുമിശിഹായുടെ മഹത്വപ്രത്യക്ഷതയ്ക്കും നാം നോക്കിപ്പാർത്തുകൊണ്ട്.... 1 തിമോ.3:16 സത്യമായിട്ടു നീതിയുടെ രഹസ്യം വലിയതാകുന്നു. താൻ ജഢത്തിൽ വെളിപ്പെടുകയും ആത്മാവിൽ നീതികരിക്കപ്പെടുകയും മാലാഖമാർക്കു കാണപ്പെടുകയും പുറജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെടുകയും ലോകത്തിൽ വിശ്വസിക്കപ്പെടുകയും മഹത്വത്തിൽ കരേറുകയും ചെയ്തു. എബ്രാ.1:2 ഈ അവസാനദിവസങ്ങളിൽ തന്റെ പുത്രൻ മൂലം നമ്മോട് സംസാരിച്ചു.

13. എഫേസ്യ 4:5 എന്തുകൊണ്ടെന്നാൽ ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായും ആകുന്നു. 1കൊരി.1:13 മിശിഹാ ഭാവിക്കപ്പെട്ടിരിക്കുന്നുവോ?

14. യോഹ.19:34 എന്നാലോ പട്ടാളക്കാരിൽ ഒരുവൻ കുന്തംകൊണ്ടു തന്റെ വിലാപ്പുറത്തു കുത്തി. ഉടൻ രക്തവും വെള്ളവും പുറപ്പെട്ടു.

15. റോമ.6:9 എന്തുകൊണ്ടെന്നാൽ മിശിഹാ മരിച്ചവരുടെ ഇടയിൽനിന്ന് ഉയർത്തെഴുന്നേറ്റു എന്നും ഇനി താൻ മരിക്കയില്ലെന്നും മരണം തന്നിൽ അധികാരപ്പെടുന്നില്ലെന്നും നാം അറിയുന്നു.

16. യോഹ.14:6 യേശു അവനോട് പറയുന്നു ഞാൻ വഴിയും സത്യവും ജീവനുമാകുന്നു. എന്നിൽക്കൂടിയല്ലാതെ ഒരുത്തനും എന്റെ പിതാവിന്റെ അടുക്കൽ വരുന്നില്ല. അ.പ്ര.4:42 മറ്റൊരുത്തനിലും രക്ഷയില്ല. എന്തുകൊണ്ടെന്നാൽ അതിനാൽ രക്ഷപെടുവാനായിട്ട് മനുഷ്യർക്കു കൊടുക്കപ്പെട്ടിട്ടുള്ള വേറൊരു നാമവും ആകാശത്തിൻകീഴിൽ ഇല്ല.

17. അ.പ്ര.17:31 താൻ വേർതിരിച്ചിട്ടുള്ള പുരുഷനെക്കൊണ്ട് നീതിയായി സകല ഭൂമിയേയും ന്യായം വിധിപ്പാനുള്ള ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു. (തുടരും)

# സമാധാനത്തിനുവേണ്ടി പ.വട്ടശ്ശേരിൽ തിരുമേനിയുടെ ത്യാഗപൂർണ്ണമായ മർദ്ദീൻയാത്ര.....പേജ് 1–ൽനിന്ന്

അപ്പീൽ ബോധിപ്പിച്ചു. അന്ന് പാത്രിയർക്കീസ് വിഭാഗത്തിനുവേണ്ടി കോടതിയിൽ ഹാജരായി വാദിച്ചത് സർ സി.പി.രാമസ്വാമി അയ്യരായിരുന്നു. സുപ്രസിദ്ധ ന്യായാധിപൻ ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആർ.വീരരാഘവയ്യങ്കാർ ആയിരുന്നു വിധി പ്രഖ്യാപനം നടത്തിയത്. കേസ് പാത്രിയർക്കീസ് കക്ഷിക്ക് അനുകൂലമായി വിധിച്ചു. പാത്രിയർക്കീസ് വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയത് സാധുവാണെന്നും കോടതി പറഞ്ഞു. വട്ടിപ്പണത്തിന്റെ പലിശ വാങ്ങുവാനുള്ള അവകാശം മലങ്കര മെത്രാപ്പോലീത്താ ആയി തെരഞ്ഞെടുക്കപ്പെട്ടിട്ട് പാത്രിയർക്കീസിനാൽ വാഴിക്കപ്പെടുകയും നിയമിക്കപ്പെടുകയും ചെയ്യുന്ന മെത്രാപ്പോലീത്തായ്ക്കും കൂട്ടുട്രസ്റ്റിമാരായ കോനാട്ട് മാത്തൻ മല്പാനും സി.ജെ.കുര്യനുമാണെന്നും കോടതി വിധിച്ചു.

### വീരരാഘവയ്യങ്കാറുടെ വിധി

വെള്ളിടിപോലെ മലങ്കരസഭയുടെ മേൽ പതിച്ച ഒരു വിധിയായിരുന്നു അത്. വിധി പ്രഖ്യാപനം നടന്നതു കേട്ട് കോട്ടയത്തെ പ്രമുഖരെല്ലാം പഴയസെമിനാരിയിൽ ഓടിയെത്തി. അന്ന് ബാലനായിരുന്ന കൊല്ലാട് ചെമ്പകശ്ശേരിൽ കൊച്ചുകൊച്ചും അവിടെയെത്തി. അദ്ദേഹം അന്നത്തെ സംഭവം അനുസ്മരിക്കുന്നുണ്ട്. “പഴയ സെമിനാരിയിൽ ഓടിയെത്തുമ്പോൾ അവിടെ നിരവധിപേരുണ്ടായിരുന്നു. മാമ്മൻ മാപ്പിള മുതലായ പ്രമുഖ നേതാക്കളെല്ലാം അവിടെ ഉണ്ട്. മാമ്മൻ മാപ്പിള അവിടെനിന്നു കരയുന്നു. ഒപ്പം മറ്റുള്ളവരും. കുട്ടിയായിരുന്നതിനാൽ അവരുടെ കരച്ചിലിന്റെ കാരണം എനിക്കു മനസ്സിലായില്ല. കേസിലെ വിധി പ്രതികൂലമായതിനാലാണ് കരച്ചിലെന്നു പിന്നീടാണ് മനസ്സിലായത്.”

“1947–ൽ ഒന്നാമത്തെ ആറ്റംബോംബ് വീണ ജപ്പാൻ രാജ്യത്ത് അതേ തുടർന്നുണ്ടായ കിടുകിടുക്കമോ കിലുകിലുക്കമോ പോലുള്ള ഒരു അവസ്ഥയാണ് മലങ്കര നസ്രാണികളിൽ മഹാഭൂരിപക്ഷത്തിലും ഈ ജഡ്ജുമെന്റ് വരുത്തിക്കൂട്ടിയത്” എന്നാണ് ഇസഡ് എം.പാറേട്ട് എഴുതിയിരിക്കുന്നത്. സമുദായത്തിന്റെ സപ്തനാഢികളെയും തളർത്തുന്നതായിരുന്നു വീരരാഘവയ്യങ്കാരുടെ വിധി. എന്നാൽ ജനങ്ങളുടെ ആത്മവിശ്വാസം നഷ്ടപ്പെടാതെ സൂക്ഷിച്ചതും അവരെയും നേതാക്കന്മാരെയും കർമ്മനിരതരാക്കിയതും കെ.സി.മാമ്മൻ മാപ്പിളയും മലയാള മനോരമയുമായിരുന്നു. ഹൈക്കോടതിവിധിക്കെതിരെ സിംഹഗർജ്ജനംപോലുള്ള മുഖപ്രസംഗങ്ങളായിരുന്നു കെ.സി.മാമ്മൻ മാപ്പിള സ്വന്തം പേരുവെച്ച് മനോരമയിൽ എഴുതിയത്. ചീഫ് ജസ്റ്റിസ് വീരരാഘവയ്യങ്കാരെ അദ്ദേഹം വെല്ലുവിളിച്ചു. “വട്ടിപ്പണം പാത്രിയർക്കീസ് കക്ഷിക്ക് കൊടുക്കണമെന്ന് വീരരാഘവയ്യങ്കാർ വിധിച്ചെങ്കിലും ഭാഗീരഥൻ വന്നാൽ പോലും ആ സംഖ്യ വാങ്ങാൻ പറ്റുകയില്ല. ദീവന്നാസിയോസിന്റെ അനുഗാമികൾ ഉറപ്പായി ഉറച്ചുനിന്നാൽ വിജയിച്ചെന്നു വെച്ചിട്ടുള്ളവർ വിജയഫലം അനുഭവിക്കാനുള്ള ശ്രമത്തിൽ തോറ്റുതൊപ്പിയിടുകയെ ഉള്ളു”(ZMP 513) എന്ന് അദ്ദേഹം എഴുതി. അയ്യങ്കാരുടെ വിധിയെ വിമർശിച്ച് മുഖപ്രസംഗമെഴുതിയതിന് കോർട്ടലക്ഷ്യനടപടിയോ മാനനഷ്ടക്കേസോ ഉണ്ടായാലും താൻ പതറുകയില്ലെന്ന് അദ്ദേഹം ആവർത്തിച്ച് എഴുതി.

“.........തട്ടിമൂളിച്ച വട്ടിപ്പണക്കേസ് വിധിയെപ്പറ്റി ഞങ്ങളുടെ വിമർശനം ഈ ധീരപുരുഷനെ (വീരരാഘവയ്യങ്കാർ) അത്യന്തം കുപിതനാക്കിത്തീർത്തിരിക്കുന്നു എന്നും ഞങ്ങളുടെ പേരിൽ കർശനമായ നടപടി നടത്താൻ തീർച്ചപ്പെടുത്തി എന്നും കിംവദന്തി ഉണ്ട്. ഹൈക്കോടതിയിലെ ഉന്നതാസനത്തിൽനിന്ന് ഇറങ്ങി മാനനഷ്ടക്കേസിൽ വാദിയാകുന്നത് ഞങ്ങൾ സ്വാഗതം ചെയ്യും. അല്ലാതുള്ളത് ഞങ്ങളെ ഹൈക്കോടതിയിലേക്ക് ക്ഷണിച്ചുകൊണ്ടുപോയി ആയിരം രൂപാ പിഴയിടുകയാണ്. എന്തിനും ഞങ്ങൾ സന്നദ്ധരായിരിക്കുന്നു.” (മീനം 18 മനോരമ)

വീരരാഘവയ്യങ്കാർ ഉൾപ്പെട്ട ഫുൾ ബഞ്ചിന്റെ വിധി മാർ ഗീവർഗീസ് ദീവന്നാസിയോസിന് ഹൃദയത്തിലൂടെ ഒരു ഇടിവാൾ പായുന്ന മാതിരി അനുഭവമാണ് ഉണ്ടാക്കിയത്. എങ്കിലും ആ പുരുഷകേസരിയുടെ മനസ്സോ അറുപത്തിയഞ്ച് വർഷം പഴക്കമുള്ള ശരീരമോ സ്തംഭിച്ചില്ല. ചിന്താശക്തിയുടെ മാറ്റ് വർദ്ധിച്ചു എന്ന് വിചാരിക്കുന്നതിനും ന്യായമുണ്ട് (ZMP 593) പാത്രിയർക്കീസിനെ അദ്ദേഹത്തിന്റെ ആസ്ഥാനത്ത് എത്തി നേരിട്ട് കണ്ട് സമാധാനാലോചനകൾ നടത്തുവാൻ അദ്ദേഹം തീരുമാനിച്ചു. മഞ്ഞിനിക്കര കബറടങ്ങിയിരിക്കുന്ന പ. ഏലിയാസ് തൃതീയൻ ബാവാ ആയിരുന്നു അന്നത്തെ പാത്രിയർക്കീസ്.

### മർദ്ദീൻയാത്ര

വട്ടശ്ശേരിൽ തിരുമേനിയുടെ ചരിത്രപ്രസിദ്ധമായ മർദ്ദീൻ യാത്രയെക്കുറിച്ച് ഇസഡ്.എം.പാറേട്ട് ഒരു അദ്ധ്യായം തന്നെ എഴുതിയിട്ടുണ്ട്. അതിൽനിന്ന് ചില ഭാഗങ്ങൾ ഉദ്ധരിക്കുന്നു:–

മർദ്ദീൻയാത്രയ്ക്കായി 1923, മീനം 28–ാം തീയതി കോട്ടയത്തുനിന്ന് പുറപ്പെട്ട് പരുമലയിൽ എത്തി. ഒരു മാസത്തോളം പരുമല സെമിനാരിയിൽ താമസിച്ചു ക്ലേശപൂർണ്ണമായ യാത്രയ്ക്കും പാത്രിയർക്കീസിനെ നേരിട്ട് കാണുന്നതിനും മനസ്സിനെ പരുവപ്പെടുത്തി. മലങ്കര മെത്രാപ്പോലീത്താ എന്നുള്ള നിലയിൽ ചെയ്യേണ്ട കാര്യങ്ങളെല്ലാം ഭംഗിയായി നിവർത്തിക്കുവാൻ കൂട്ടുട്രസ്റ്റിമാരെ ചുമതലപ്പെടുത്തി. അതിനുശേഷം പൂതക്കുഴിയിൽ അബ്രഹാം കത്തനാർ, ചെറിയമഠത്തിൽ സ്ക്കറിയാ മല്പാൻ, സ്വന്തം ശുശ്രൂഷകൻ പരുമല ഐപ്പ്, കുന്നംകുളം വാറു ഇവരാൽ അനുഗതനായി യാത്ര പുറപ്പെട്ട് കുണ്ടറ സെമിനാരിയിലെത്തി വിശ്രമിച്ചു. യാത്രയുടെ ഉദ്ദേശത്തെക്കുറിച്ച് കുണ്ടറവെച്ച് ചെയ്ത ഒരു പ്രസംഗത്തിൽ വട്ടശ്ശേരിൽ തിരുമേനി വിശദമായി പരാമർശിക്കുന്നുണ്ട്. “..........പാത്രിയർക്കീസിനെ നേരിട്ട് കണ്ട് ഇപ്പോഴത്തെ കുഴപ്പങ്ങളും അവയുടെ യഥാർത്ഥ കാരണങ്ങളും നേരിട്ട് ധരിപ്പിക്കണമെന്ന് മാത്രമാണ് തന്റെ യാത്രയുടെ ഉദ്ദേശമെന്ന് വട്ടശ്ശേരിൽ തിരുമേനി വ്യക്തമാക്കി. ഇപ്പോഴത്തെ വിധി മൂലം നമ്മുടെ സഭ നശിച്ചുപോയി എന്ന് നിങ്ങൾ പരിഭ്രമിക്കേണ്ടതില്ല. നമ്മുടെ സഭ ദൈവത്തിന്റെ വകയാണ്. അത് ഒരിക്കലും നശിച്ചുപോകയില്ല. സഭയിൽ സ്വാഭിപ്രായം നട്ടുവളർത്താൻ ആർക്കും അധികാരമില്ല. സഭാകാര്യങ്ങളിൽ സ്വന്തം ഇച്ഛപോലെ എന്തും ചെയ്യാമെന്ന് ഉയർന്ന സ്ഥാനികൾ മുതൽ താഴെയുള്ളവർ വരെ ആരുംതന്നെ വിചാരിച്ചുകൂടാത്തതാകുന്നു. ഇവിടുത്തെ കലഹങ്ങൾക്കെല്ലാം ശമനം വരുത്തണമെന്ന് അപേക്ഷിക്കാനാണ് നാം പോകുന്നത്. അദ്ദേഹം കുഴപ്പങ്ങൾക്കെല്ലാം സമാധാനം വരുത്തുമെന്ന് നാം വിശ്വസിക്കുന്നു. വാർദ്ധക്യകാലത്തുള്ള ഈ ദീർഘയാത്രയിൽ നിങ്ങളുടെ ഹൃദയപൂർവ്വമായ പ്രാർത്ഥന നമുക്ക് കൂട്ടായിരിക്കണം.........”

1923 ജൂൺ 23ന് കുണ്ടറനിന്ന് പുറപ്പെട്ട് ബോംബെയിലെത്തി. പത്തുദിവസങ്ങൾക്കു ശേഷം വറ്റില എന്ന കപ്പലിൽ ബസ്രായിലും അവിടെനിന്ന് തീവണ്ടിമാർഗ്ഗം ബാഗ്ദാദ് വഴി മൂസലിലും എത്തി. അദ്ദേഹത്തിന്റെ ബോംബെയിൽനിന്നുള്ള യാത്രയെക്കുറിച്ച് കെ.സി.മാമ്മൻ മാപ്പിള ജീവിതസ്മരണകളിൽ അനുസ്മരിക്കുന്നു

“ബോംബെയിൽനിന്ന് കപ്പൽ കേറുന്നതിന് മുഹൂർത്തമായി. തിരുമേനി പലതുകൊണ്ടും വളരെ വികാരഭരിതനായി കാണപ്പെട്ടു. കഴിയുമെങ്കിൽ ഞാൻകൂടി മർദ്ദീൻവരെ ചെല്ലണമെന്ന് ആവശ്യപ്പെട്ടു. കുടുംബസംബന്ധമായും മറ്റും പ്രാരാബ്ദക്കാരനായ ഞാൻ അതു സാധ്യമല്ലെന്നു പറഞ്ഞൊഴിഞ്ഞു. “മാമ്മൻ മാപ്പിളകൂടി ഉണ്ടെങ്കിൽ എനിക്കു ധൈര്യമായി” എന്നാണപ്പോൾ പറഞ്ഞത്. കഴിഞ്ഞകാലത്ത് എന്നോടുണ്ടായിരുന്ന മനോഭാവം എന്തുതന്നെ ആയിരുന്നാലും ഉപബോധമനസ്സിൽ എന്നെപറ്റി അടിഞ്ഞുകിടന്ന വിശ്വാസത്തിന്റെയും മതിപ്പിന്റെയും പ്രകടനമായിരുന്നു അതെന്നു ഞാൻ അഭിമാനിക്കുന്നു..... ഏഷ്യാമൈനറിന്റെ ഒരുകോണിൽ തുർക്കിയിലുള്ള ഒരു മലമ്പ്രദേശമാണ് മർദ്ദീൻ. വളരെ ദുർഗ്ഗമങ്ങളും ആപൽക്കരവുമായ വഴികൾ കടന്നാണ് അവിടെചെന്നെത്തേണ്ടിയിരുന്നത്. വഴിയിലും പരിസരങ്ങളിലും നെടുനീളെ കൊള്ളക്കാരും കള്ളന്മാരും വിഹരിച്ചിരുന്നു. അവരെ അമർച്ച ചെയ്യുന്നതിനു തുർക്കി ഗവൺമെന്റ് ശ്രദ്ധിച്ചിരുന്നില്ല. പുലിക്കോട്ട് മാർ ദീവന്നാസിയോസ് സ്ഥാനം ഏൽക്കുന്നതിനു മർദ്ദീനിലേക്കു പോയപ്പോഴും (1038) മാർ ഗീവർഗീസ് ദീവന്നാസിയോസ് മർദ്ദീൻയാത്ര ചെയ്തപ്പോഴും (1099) മേൽപറഞ്ഞവണ്ണം ഒരേവിധത്തിലാണ് വിവരങ്ങൾ കേട്ടിട്ടുള്ളത്. അത്രയും വർഷം ആ പ്രദേശത്തെ നാഗരീകത്വത്തിന് ഒരിഞ്ചുപോലും പുരോഗതി ഉണ്ടായിട്ടില്ലെന്നു വിചാരിക്കാവുന്നതാണ്. മെത്രാപ്പോലീത്താ നാലുമാസക്കാലം പാത്രിയർക്കീസിന്റെ അരമനയിൽ താമസിച്ചു. ആ രാജ്യത്തെ ഭരണസമ്പ്രദായത്തിന്റെ അവ്യവ്യവസ്ഥിതിയും അനിശ്ചിതത്വവും മൂലം പാത്രിയർക്കീസും കൂട്ടരും ഏതാണ്ടൊരു ആപൽസാദ്ധ്യതയുടെ നിഴലിലും പ്രാണഭീതിയാലുമാണ് കഴിച്ചുകൂട്ടിയിരുന്നത്. ഇടയ്ക്കിടെ ചില താണ ഉദ്ധ്യോഗസ്ഥന്മാർ അരമനയിൽ വരികയും അവർക്ക് വമ്പിച്ച തോതിൽ സദ്യസൽക്കാരങ്ങൾ നൽകുകയും പതിവായിരുന്നു. അവരെപ്പോലും പ്രീതിപ്പെടുത്തിയെങ്കിലെ അവിടെ സ്വൈര്യമായി താമസിക്കാൻ സാധ്യമായിരിരുന്നുള്ളു എന്നു സാരം.”

മൂസലിൽനിന്നുള്ള വട്ടശ്ശേരിൽ തിരുമേനിയുടെ യാത്ര ചൂടിന്റെ കാഠിന്യം നിമിത്തം ക്ലേശകരമായിരുന്നു. നേത്രരോഗവും അദ്ദേഹത്തെ അലട്ടി. വൃദ്ധനായ മെത്രാപ്പോലീത്താ ആ ക്ലേശങ്ങളെ അതിജീവിച്ചത് മനശക്തി ഒന്നുകൊണ്ട് മാത്രമായിരുന്നുവെന്ന് കൂടെയുണ്ടായിരുന്ന താരതമ്യേന ചെറുപ്പക്കാരായ വൈദികർക്ക് ബോധ്യമായിരുന്നു. അവർക്കുതന്നെ സഹിക്കാവുന്നതിൽ കൂടുതൽ കായക്ലേശമനുഭവപ്പെടുകയുണ്ടായി. മൂസലിൽനിന്ന് നിയമസമാധാന കാര്യങ്ങളിൽ യാതൊരു ചിട്ടയുമില്ലാത്ത തുർക്കി രാജ്യത്തെ മലനാട്ടിലൂടെ മർദ്ദീനിലേക്കുള്ള യാത്ര അത്യന്തം ക്ലേശഭൂയിഷ്ടമായിരുന്നു. കൊള്ളക്കാർ എപ്പോഴാണ് പിടികൂടുന്നതെന്നും കഥകഴിക്കുന്നതെന്നും അറിഞ്ഞുകൂടായിരുന്നു എന്നുള്ള അവസ്ഥ യാത്രയുടെ ഭീകരത വർദ്ധിപ്പിച്ചു. കഴിയുംവിധത്തിൽ എല്ലാം വേണ്ടത്ര മുൻകരുതലുകൾ ഏർപ്പെടുത്തിയിരുന്നതുകൊണ്ട് അപകടം കൂടാതെ ഓഗസ്റ്റ് ഒന്നാം തീയതി മർദ്ദീനിലെത്തി. പാത്രിയർക്കീസ് അവിടെനിന്ന് അഞ്ചു മൈൽ ദൂരത്തുള്ള ഒരു പള്ളിയിലാണെന്ന് അറിഞ്ഞ് യാത്രക്കാർ അവിടെ ചെന്ന് അദ്ദേഹത്തെ കണ്ടു. അദ്ദേഹത്തിന് അവിടെ രണ്ട് നാലു ദിവസത്തെ താമസംകൂടെ ഉണ്ടായയിരുന്നതിനാൽ മാർ ദീവന്നാസിയോസ് കുറുക്കുമാ ദയറാ എന്ന പാത്രിയർക്കീസിന്റെ ആസ്ഥാനത്തേക്ക് മടങ്ങി. മൂന്നുദിവസത്തിനുശേഷം പാത്രിയർക്കീസ് ദയറായിലെത്തി. ഒരാഴ്ചയോളം മഹാചാര്യന്മാർ മലങ്കരയിലെ എല്ലാ കാര്യങ്ങളെയുംപറ്റി സംസാരിച്ചു. വട്ടിപ്പണക്കേസും അതിന്റെ രണ്ടുകോടതികളിലെയും വിധികളും വിശദമായി പരാമർശിക്കപ്പെട്ടു. മലങ്കരസഭയിൽ ഉണ്ടായിട്ടുള്ള പിളർപ്പ് തീർത്ത് സമാധാനം പുനസ്ഥാപിക്കുന്നതിനും മലങ്കരയിൽ അന്ത്യോഖ്യായുമായുള്ള ബന്ധം നിലനിർത്തുന്നതിനും വേണ്ടിയാണ് വാർദ്ധക്യകാലത്ത് ക്ലേശപൂർണ്ണമായ ദീർഘയാത്രയ്ക്ക് മുതിർന്നതെന്നും മെത്രാപ്പോലീത്താ വ്യക്തമാക്കി.

സമാധാനത്തിനുവേണ്ടി ജീവൻപോലും ബലികഴിക്കുവാൻ താൻ തയ്യാറായിരുന്നുവെന്ന് വട്ടശ്ശേരിൽ തിരുമേനിയുടെ വാക്കുകളിൽനിന്ന് വ്യക്തമാണ്.

### യാത്രയെക്കുറിച്ചുള്ള മൊഴികൾ

മർദ്ദീൻയാത്ര കഴിഞ്ഞ് വട്ടശ്ശേരിൽ തിരുമേനി തിരിച്ചെത്തിയപ്പോൾ അദ്ദേഹത്തോടൊപ്പം പാത്രിയർക്കീസിന്റെ പ്രതിനിധിയായി യൂലിയോസ് ബാവായും എത്തിയിരുന്നു. അദ്ദേഹവും വട്ടശ്ശേരിൽ തിരുമേനിയും തമ്മിലുള്ള അഭിപ്രായവ്യത്യാസത്തിന്റെ പശ്ചാത്തലത്തിൽ യൂലിയോസ് ബാവാ വട്ടശ്ശേരിൽ തിരുമേനിയെ 1928–ൽ സസ്പെന്റ് ചെയ്തു. അതേ തുടർന്ന് ഉത്ഭവിച്ച കേസാണ് ‘സസ്പെൻഷൻ കേസ്’ എന്ന് അറിയപ്പെടുന്നത്. ആ കേസിൽ കോടതിയിൽ ഹാജരായി വട്ടശ്ശേരിൽ തിരുമേനി കൊടുത്ത മൊഴികൾ സഭയിൽ സമാധാനം ഉണ്ടാകണമെന്നുള്ള അദ്ദേഹത്തിന്റെ ആഗ്രഹം വെളിവാക്കുന്നതാണ്.

ചില മൊഴികൾ : “ചോ. ഏലിയാസ് പാത്രിയർക്കീസ് ന്യായമായി തെരഞ്ഞെടുക്കപ്പെട്ട ആളല്ല എന്നാണ് ബോധ്യമെന്നു പറഞ്ഞു. ആ ബോധ്യം പാത്രിയർക്കീസിനെ പോയി കാണുന്നതിനു മുമ്പുതന്നെ ഉണ്ടെന്നും പറഞ്ഞു. ആ സ്ഥിതിക്ക് ആപല്ക്കരമായ യാത്ര വൃദ്ധനായ തിരുമേനി കയ്യേറ്റതിന്റെ കാരണം എന്താണ്. പാത്രിയർക്കീസല്ലാത്ത ആളിന്റെ അടുക്കൽ അപേക്ഷിച്ചെങ്കിലും മുടക്കു തീർത്തു കല്പന സമ്പാദിപ്പാൻ ശ്രമിച്ചതിന്റെ അർത്ഥം എന്ത്. ഉ. എന്റെ ജീവന് ഒരുവേള അപകടം സംഭവിച്ചാലും മലങ്കരസഭയിൽ സമാധാനം ഉണ്ടാക്കുവാൻ കഴിയുമെങ്കിൽ അത് സാധിക്കണമെന്നുള്ള എന്റെ അമിത താൽപര്യം നിമിത്തമായിരുന്നു ഞാൻ ആ യാത്രയ്ക്ക് ഒരുങ്ങിയത്. മുടക്ക് തീർക്കുവാൻ ഞാൻ ശ്രമിച്ചു എന്നു ഞാൻ പറഞ്ഞിട്ടില്ല. ചോ. മുടക്ക് തീർത്താൽ സന്തോഷമാകുമായിരുന്നോ. ഉ. അതുംകൂടെ മലങ്കരസഭയുടെ സമാധാനത്തിനൊരു മാർഗ്ഗമാണെന്നു തോന്നിയതിനാൽ അത് എനിക്കു സന്തോഷം തന്നെയായിരുന്നു. ചോ. മലങ്കരസഭയുടെ സമാധാനത്തിന് ജീവൻ ബലി കഴിപ്പാൻത്തക്കവണ്ണം താൽപര്യം ഇപ്പോഴും ഉണ്ടോ അതോ വിധി (വട്ടിപ്പണം) ഗുണമായി വന്നതുകൊണ്ട് താൽപര്യം നശിച്ചോ. ഉ. ആ താൽപര്യം ഇപ്പോഴുമുണ്ട്. അത് ജയത്തിലും അപജയത്തിലും ആശ്രയിച്ചിരിക്കുന്നതല്ല. ചോ. ആ താൽപര്യം ഇപ്പോഴും ഉണ്ടെങ്കിൽ....... മെത്രാപ്പോലീത്തായുടെ അധികാരാവകാശങ്ങൾ ഉപയോഗിക്കാതെ ദയറായിൽപോയി ദൈവത്തെ ഓർത്തു ഇരുന്നുകൊള്ളുമോ. ചെലവിനു വേണ്ടതൊക്കെ അവിടെ തരാം. ഉ. എന്റെ ചുമതലാബോധം അതിനു അനുവദിക്കുന്നില്ല...... ചോ. തിരുമേനി പണം ചെലവു ചെയ്ത് ഈ യൂലിയോസ് മെത്രാനെകൂടി ഇങ്ങോട്ടു കൊണ്ടുവന്നത് എന്തിനാണ്. ഉ. ഇവിടെ ഞങ്ങൾ രണ്ടു കക്ഷികൾ തമ്മിൽ അന്യോന്യം കാണുകകൂടി ചെയ്യാത്തവിധത്തിൽ ഭിന്നിച്ചിരിക്കുകയായിരുന്നു. പാത്രിയർക്കീസിന്റെ കല്പന അനുസരിച്ച് ഞങ്ങളെ തമ്മിൽ സമാധാനപ്പെടുത്തുന്നതിനു ഒരു മദ്ധ്യസ്ഥൻ ഉണ്ടായിരിക്കുന്നത് കൊള്ളാമെന്ന് പാത്രിയർക്കീസിനു തോന്നിയതിനാൽ യൂലിയോസ് മെത്രാനെ ഞങ്ങളോടുകൂടി അയക്കുകയാണ് ചെയ്തത്...... രണ്ടു കല്പനകൾ ടിയാന്റെ കൈവശം കൊടുത്തയച്ചിരുന്നു.”

ദുർഘടമായ യാത്രയും ഗൗരവമായ കൂടിക്കാഴ്ചകളും പരസ്പര സ്വീകരണവും നടന്നുവെങ്കിലും സഭയിൽ സമാധാനമുണ്ടാക്കുവാനുള്ള സാഹചര്യം അപ്പോഴും ആയില്ല. എന്നാൽ ശുദ്ധമനസ്ക്കനായ ഏലിയാസ് പാത്രിയർക്കീസ് മലങ്കരസഭയിൽ സമാധാനമുണ്ടാകണമെന്നുതന്നെ ആഗ്രഹിച്ചു. അദ്ദേഹം വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്ക് അഴിച്ച് അത് സംബന്ധമായ കല്പന യൂലിയോസ് മെത്രാപ്പോലീത്തായെ ഏൽപിച്ച് മലങ്കരയിലെത്തി അത് പ്രഖ്യാപിക്കു

(ശേഷം പേജ് 5–ൽ)

# പി.എം. ഈപ്പൻ അച്ചൻ പുരോഹിതർക്ക് മാതൃക

പി.രാജു, അഞ്ചൽ


തിരുവനന്തപുരം സെന്റ് ജോർജ് ഇടവകാംഗവും കാർത്തികപ്പള്ളി പ്ലാവിനാൽ കുടുംബാംഗവുമായ ബഹു.ഈപ്പനച്ചൻ മുപ്പത് വർഷങ്ങൾക്കു മുമ്പ് അഞ്ചൽ സെന്റ് ജോർജ് തീർത്ഥാടനപ്പള്ളി (അഞ്ചലച്ചന്റെ പള്ളി) വികാരിയായി ഞങ്ങൾക്ക് കിട്ടാനുള്ള ഭാഗ്യം ലഭിച്ചു. അന്ന് അദ്ദേഹത്തിന് അറുപത് വയസ്സ് പ്രായം. ഈ കാലയളവിൽ അദ്ദേഹത്തോടൊപ്പം ചേർന്ന് ശുശ്രൂഷകനായി പ്രവർത്തിക്കുവാനുള്ള ഭാഗ്യവും എനിക്കു ലഭിച്ചു. അദ്ദേഹത്തിലൂടെ പല കാര്യങ്ങൾ പഠിക്കുവാൻ കഴിഞ്ഞു. പ്രസംഗിക്കുക മാത്രമല്ല അത് സ്വന്തം ജീവിതത്തിലൂടെ മറ്റുള്ളവർക്ക് കാണിച്ചുകൊടുത്ത പുണ്യാത്മാവാണ് ഈ വന്ദ്യ പുരോഹിതൻ. നോമ്പ്, ഉപവാസം ഇവയെല്ലാം കൃത്യമായി നോക്കിയിരുന്നു. നോമ്പുകാലങ്ങളിൽ യാത്രകൾ കഴിവതും ഒഴിവാക്കിയിരുന്നു. എങ്കിലും അത്യാവശ്യത്തിനു പോകണമെങ്കിൽ പോകുന്നവഴി നമസ്ക്കാരം നടത്താൻ എവിടെയെങ്കിലും ക്രമീകരണം ചെയ്തിരുന്നു. വിശേഷാൽ നോമ്പ് കാലങ്ങളിൽ കാലംചെയ്ത ഗീവർഗ്ഗീസ് മാർ ദീയസ്ക്കോറോസ് തിരുമേനി മുതൽ അനേകം പട്ടക്കാരും വിശ്വാസികളും പല സ്ഥലത്തുനിന്ന് ബഹു.അച്ചന്റെ അടുത്ത് കുമ്പസാരിക്കാൻ വരുമായിരുന്നു. അദ്ദേഹത്തിന്റെ അടുത്ത് കുമ്പസാരിച്ച് കഴിയുമ്പോൾ ഒരു ആത്മീയ ഉണർവ്വുതന്നെ ലഭിക്കുന്നു എന്നുള്ളത് ഒരു വലിയ അനുഭവമാണ്.

വിശുദ്ധ കുർബ്ബാന ചൊല്ലുന്നതിന്റെ തലേദിവസം സന്ധ്യാനമസ്ക്കാരം മുതൽ ഒരുക്കത്തിലായിരുന്നു. വേദപുസ്തകവായനയിലും ധ്യാനത്തിലുമായി അദ്ദേഹം സമയം കഴിച്ചുകൂട്ടിയിരുന്നു. ആരോടും കൂടുതലായി സംസാരിക്കാറില്ല. രാവിലെ നാലുമണിക്കുതന്നെ എഴുന്നേറ്റ് എല്ലാ നമസ്ക്കാരങ്ങളും പൂർത്തീകരിച്ച് വിശുദ്ധ കുർബ്ബാനയ്ക്കായി പള്ളിയിലേക്ക് കടന്നുവരുന്നു. ആദ്യം വഞ്ചിയിൽ നേർച്ച അർപ്പിക്കും. (നേർച്ചകാഴ്ചകളോടെ ദേവാലയത്തിൽ കടന്നുവരണമെന്നുള്ളത് അച്ചൻ പാലിച്ചിരുന്നു) അതിനുശേഷം വിശുദ്ധ ത്രോണോസിന്റെ മുമ്പാകെ മുട്ടിന്മേൽ ഇരിക്കും. മണിനാദം കേൾക്കുമ്പോൾ നമസ്ക്കാരത്തിനുള്ള കൗമ തുടങ്ങി തൂയോബോയ്ക്ക് പ്രവേശിക്കും. വിശുദ്ധ കുർബ്ബാനയർപ്പിക്കാൻ പള്ളിയിലേക്ക് വരുന്ന സമയത്ത് ആരുമായും സംസാരിക്കുവാനോ കുശലം പറയുവാനോ അച്ചൻ ശ്രമിച്ചിരുന്നില്ല. കുമ്പസാരം, ഹൂസോയോ ഏതെങ്കിലും നടത്തണമെങ്കിൽ തലേദിവസം തന്നെ വിശ്വാസികൾ അത് ചെയ്തിരിക്കണം. വിശുദ്ധ കുർബ്ബാനയർപ്പിക്കുന്ന ദിവസം രാവിലെ പത്രവായന, റേഡിയോ, ടി.വി ഒന്നുംതന്നെ ശ്രദ്ധിക്കുമായിരുന്നില്ല. വി.കുർബ്ബാന ഭയഭക്തിയോടെയാണ് അദ്ദേഹം അർപ്പിച്ചിരുന്നത്. ആ സമയം മറ്റൊന്നിലും ശ്രദ്ധപതിച്ചിരുന്നില്ല. വിശുദ്ധ കുർബ്ബാന ചൊല്ലാൻ വരുമ്പോൾ എല്ലാ നമസ്ക്കാരങ്ങളും പൂർത്തീകരിച്ചിരുന്നു. ഒരുദിവസം വിശുദ്ധ കുർബ്ബാനയ്ക്ക് ശ്ലീഹാവായന ഞാൻ അല്പം ചുരുക്കിവായിച്ചു. വിശുദ്ധ കുർബ്ബാനയ്ക്കുശേഷം എന്നെ വിളിച്ച് ശ്ലീഹായെല്ലാം വായിച്ചില്ലെ എന്ന് ചോദിച്ചു. ഞാൻ അല്പം ചുരുക്കി എന്ന് മറുപടി പറഞ്ഞു. അപ്പോൾ അച്ചൻ പറഞ്ഞത് എല്ലാം വായിക്കാനാണ് പിതാക്കന്മാർ അത് ക്രമീകരിച്ചിരിക്കുന്നത്. നാം അത് ചുരുക്കരുത്. അപ്പോൾ ഞാൻ ചോദിച്ചു, അച്ചൻ ശ്ലീഹാ വായിച്ചിരുന്നോ, അദ്ദേഹം പറഞ്ഞത് എല്ലാവരോടും നമസ്ക്കാരം എല്ലാം പൂർത്തീകരിച്ചിട്ട് വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കണമെന്ന് പറയുമ്പോൾ വി.കുർബ്ബാന ചൊല്ലുന്ന പട്ടക്കാരനും അത് ബാധകമാണ്. അതുകൊണ്ട് ഞാൻ എല്ലാ നമസ്ക്കാരങ്ങളും പ്രുമിയോൻ ഉൾപ്പെടെ ശ്ലീഹാവായനവരെ പൂർത്തീകരിച്ചിട്ടാണ് വരുന്നത്. സാധാരണ വൈദികർ പ്രഭാതനമസ്ക്കാരം തുടങ്ങിവച്ചിട്ട് തൂയോബോയ്ക്ക് കയറുന്നു. അവർ നമസ്ക്കാരം പൂർത്തീകരിക്കുന്നില്ല. അത് തെറ്റാണെന്നും അദ്ദേഹം പറയുകയുണ്ടായി.

ഒരിക്കൽ വിശുദ്ധ കുർബ്ബാനയുടെ ഖണ്ഡിപ്പിന്റെ സമയം അച്ചൻ അല്പം ശബ്ദമുയർത്തി സംസാരിക്കാൻ ഇടയായി, അതായത് ഖണ്ഡിപ്പിന്റെ സമയത്ത് തക്സാ മറിച്ചുകൊടുക്കാൻ അദ്ദേഹം തലകൊണ്ട് ആംഗ്യം കാണിക്കുക പതിവായിരുന്നു. അത് ഞങ്ങൾ ശ്രദ്ധിച്ചുനിൽക്കും. എന്നാൽ ഒരുദിവസം ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടില്ല. അച്ചൻ അല്പം ശബ്ദമുയർത്തി ഇത് അങ്ങോട്ട് മറിക്ക് എന്നു പറഞ്ഞു. ഞങ്ങൾ ഓടിച്ചെന്ന് തക്സാ മറിച്ചുകൊടുത്തു. എന്നാൽ വിശുദ്ധ കുർബ്ബാന കഴിഞ്ഞ് കൈമുത്തിന് മുമ്പ് ഞങ്ങളോട് പറഞ്ഞു കൈമുത്തിനുശേഷം എല്ലാവരും എന്നെ കണ്ടതിനുശേഷമേ പോകാവൂ. അപ്രകാരം ഞങ്ങൾ അത് അനുസരിച്ചു. കൈമുത്ത് കഴിഞ്ഞുവന്ന് തിരശ്ശീല ഇട്ടതിനുശേഷം ഞങ്ങൾ ശുശ്രൂഷകരെയെല്ലാം അരികിൽ ചേർത്തുനിർത്തി പുഞ്ചിരിയോടെ ചോദിച്ചു വിശുദ്ധ കുർബ്ബാനയുടെ ഇടയ്ക്ക് ഞാൻ അല്പം നിങ്ങളോട് ദ്വേഷിച്ചു അല്ലെ? അത് നിങ്ങൾക്ക് വിഷമമുണ്ടായി എന്ന് എനിക്ക് അറിയാം. എന്നോട് ക്ഷമിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഞങ്ങൾ പറഞ്ഞു അച്ചൻ ഞങ്ങളോട് ക്ഷമചോദിക്കുന്നത് എന്തിന് അതിന്റെ ആവശ്യമില്ല. അച്ചൻ മറുപടി പറഞ്ഞത് ഞാൻ ഈ ബലി അർപ്പിച്ചപ്പോൾ നിങ്ങൾക്കാർക്കെങ്കിലും വേദനയുണ്ടായതായി എനിക്കു തോന്നിയാൽ ഈ ബലിപീഠത്തിൽനിന്നും ഇറങ്ങുന്നതിനു മുമ്പ് നിങ്ങളുമായി നിരന്നില്ലായെങ്കിൽ ഞാൻ ഈ ബലി അർപ്പിച്ചത് ദൈവത്തിന് സ്വീകാര്യമാവില്ല. ഈ വാക്കുകൾ ഏറ്റവും വിലയേറിയതായി ഞങ്ങൾ കാണുന്നു.

അദ്ദേഹം ദേവാലയത്തെക്കുറിച്ച് ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളത് ദേവാലയം ദൈവത്തിന്റെ ഭവനമാണെന്നും അവിടെ ദൈവം ഉണ്ടെന്നും ത്രോണോസ് യേശുവിന്റെ സിംഹാസനമാണെന്നും അതുകൊണ്ട് എപ്പോൾ തിരശ്ശീല നീക്കിയാലും ത്രോണോസിൽ മെഴുകുതിരി കത്തിച്ചിരിക്കണമെന്നും ദേവാലയത്തിൽ എപ്പോൾ കയറിയാലും അലക്ഷ്യമായി നിൽക്കുവാനോ സംസാരിക്കുവാനോ സ്വകാര്യങ്ങൾ പറയുവാനുള്ള സ്ഥലമല്ലായെന്നും പ്രാർത്ഥിക്കുവാനുള്ള സ്ഥലമാണെന്നും അദ്ദേഹം പഠിപ്പിച്ചു. ബഹു.അച്ചൻ അത് കർശനമായി പാലിച്ചിരുന്നു. അതുകൊണ്ട് അച്ചന്റെ കാലയളവിൽ ഇടവക പൊതുയോഗം, മാനേജിംഗ് കമ്മിറ്റി ഇവയെല്ലാം വളരെ ശാന്തമായി നടത്തുവാൻ കഴിഞ്ഞിട്ടുണ്ട് എന്നത് എടുത്തു പറയേണ്ടതാണ്.

അതുപോലെ ആരാധനാകാര്യങ്ങളും പലതും ഞങ്ങളെ പഠിപ്പിക്കുകയും അതിന്റെ അർത്ഥം ഞങ്ങൾക്ക് വ്യക്തമാക്കി തരികയും ചെയ്തിട്ടുണ്ട്. അതിനൊരു ഉദാഹരണം ഇവിടെ ചൂണ്ടിക്കാട്ടുകയാണ്. അച്ചൻ ഇടവകയിൽ വന്ന ആദ്യ ഓശാനപ്പെരുന്നാളിൽ ഞങ്ങൾ പതിവുപോലെ കുരുത്തോല മടൽകൊണ്ട് കുരുത്തോലക് വളച്ചുകെട്ടി ഓശാനശുശ്രൂഷയ്ക്കു വേണ്ടുന്ന കുരിശ് ഉണ്ടാക്കിയിരുന്നു. അച്ചന്റെ അരികിൽ കൊണ്ടുചെന്നപ്പോൾ കുരുത്തോല മടൽകൊണ്ട് കുരിശുണ്ടാക്കാൻ ആരാണ് പഠിപ്പിച്ചത് എന്നു ചോദിച്ചു. ഞങ്ങൾ മുൻകാലങ്ങളിൽ ഇവിടെ ഉണ്ടാക്കുന്നതനുസരിച്ചാണ് ഉണ്ടാക്കിയതെന്ന് പറഞ്ഞു. അദ്ദേഹം പറഞ്ഞു ഈ കുരിശ് ഇങ്ങനെ ഉണ്ടാക്കിയാൽ ഇത് ആഘോഷിക്കേണ്ട കുരിശാണ്. അതിനുശേഷം അത് അവിടെയും ഇവിടെയും ഇട്ട് ചവുട്ടാൻ പാടുള്ളതല്ല. അതുകൊണ്ട് ഞാൻ പറയുന്നതുപോലെ കുരിശുണ്ടാക്കാൻ പറഞ്ഞു. പന്ത്രണ്ട് നല്ല നീളമുള്ള കുരുത്തോലകൾ എടുത്ത് തലപ്പും ചുവടും വെട്ടി അതിനകത്ത് കുരുത്തോലകുരിശ് ഉയർത്തി ഇറക്കി വെയ്ക്കുക. ഒരു കെട്ടായി കെട്ടുക. പന്ത്രണ്ട് കുരുത്തോലകൾ പന്ത്രണ്ട് ശ്ലീഹന്മാരെ സൂചിപ്പിക്കുന്നതായി അദ്ദേഹം പറഞ്ഞു. ഇങ്ങനെയുള്ള കുരിശ് ഓശാനശുശ്രൂഷയ്ക്ക് ഉപയോഗിച്ചശേഷം കുരുത്തോല അഴിച്ച് വിശ്വാസികൾക്ക് കൊടുക്കുകയും അതിലെ കുരുത്തോല കുരിശ് ത്രോണോസിൽ വയ്ക്കുകയും ചെയ്യുന്നു. ദുഃഖവെള്ളിയാഴ്ച കബറടക്കത്തിന് തടിക്കുരിശ് പൊതിഞ്ഞുകെട്ടുമ്പോൾ ഈ കുരുത്തോലകുരിശ് അഴിച്ചാണ്



കെട്ടുന്നത്. ഉയിർപ്പ് ദിവസം ഈ തടിക്കുരിശിന്റെ പൊതി അഴിക്കുമ്പോൾ പഞ്ഞിയും കുരുത്തോലകളും എല്ലാംതന്നെ കബറിൽ സൂക്ഷിക്കുന്നു.ജനനപ്പെരുന്നാളിന് ഇത് തീജ്വാലയിൽ ഇട്ട് കത്തിക്കുന്നു. അപ്പോൾ ഈ ആഘോഷിച്ച കുരുത്തോലകുരിശ് എങ്ങുമിട്ട് ചവുട്ടാൻ ഇടയാകുന്നുമില്ല എന്നദ്ദേഹം പഠിപ്പിച്ചു. അന്നുമുതൽ ഇന്നുവരെയും ഈ ദേവാലയത്തിൽ കുരുത്തോലകൾ ഇപ്രകാരമാണ് നിർമ്മിക്കുന്നത്. അതുപോലെ അച്ചൻ വന്ന കാലയളവിൽ ഏവൻഗേലിയോൻ മേശയായി ഉപയോഗിച്ചിരുന്നത് ഒരു പ്രസംഗപീഠം ആയിരുന്നു. എന്നാൽ നാല് കാലുള്ള പെട്ടകം പോലുള്ള പഴയ ഏവൻഗേലിയോൻ മേശ അവിടെ ഉപയോഗിക്കാതെ വച്ചിട്ടുണ്ടായിരുന്നു. അച്ചൻ അത് കണ്ടിട്ട് ഏവൻഗേലിയോൻ മേശയായി ഉപയോഗിക്കേണ്ടത് ഇതാണ്. ഇതിന് നോഹയുടെ പെട്ടകം എന്ന അർത്ഥം കൂടിയുണ്ട് എന്നു പറഞ്ഞുകൊണ്ട് പ്രസംഗപീഠഏവൻഗേലിയോൻ മേശ മാറ്റി തൽസ്ഥാനത്ത് പെട്ടകം പോലെയുള്ള ഏവൻഗേലിയോൻ മേശ ഉപയോഗിച്ചു. ഇന്നും അതു തന്നെ ഉപയോഗിച്ചുവരുന്നു.

അച്ചൻ യേശുവിന്റെ കല്പനകളെ അപ്രകാരം പാലിക്കുവാൻ ശ്രദ്ധിച്ചിരുന്നു. വലിയവൻ, ചെറിയവൻ വ്യത്യാസം കൂടാതെ ഏവരേയും സ്നേഹിച്ചിരുന്നു. രോഗികളെയും പാവപ്പെട്ടവരെയും സന്ദർശിച്ചിരുന്നു. ഇടവകജനങ്ങളെ മാത്രമല്ല നാനാജാതി മതസ്ഥരെയും അദ്ദേഹം സ്നേഹിച്ചിരുന്നു. അവിടെയുള്ള ആശുപത്രികൾ മിക്കവാറും അദ്ദേഹം സന്ദർശിക്കുകയും ജാതിമതവ്യതയാസം കൂടാതെ എല്ലാ രോഗികളുടെയും അടുത്തു ചെന്ന് അവരുടെ വിവരങ്ങൾ അന്വേഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. പാവപ്പെട്ടവർക്ക് സാമ്പത്തികസഹായവും നൽകിയിരുന്നു. കഴിവതും ആരും കണ്ടുനിൽക്കെ ആർക്കും ഒന്നും കൊടുക്കുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയരുതെന്ന തത്വം അദ്ദേഹം പാലിച്ചിരുന്നു. കൂദാശാകർമ്മങ്ങൾ നടത്തിയാൽ പ്രതിഫലം പറ്റിയിരുന്നില്ല. അദ്ദേഹത്തിന്റെ ശമ്പളത്തിൽനിന്നും മറ്റുള്ളവർക്ക് സഹായം നൽകിയിരുന്നു. അവസാനം മൂത്ത മകളുടെ വീട്ടിൽ ആയിരുന്നു താമസം. രണ്ട് പെൺമക്കളാണ് അച്ചനുള്ളത്. കൊച്ചമ്മയും അച്ചനോടൊപ്പം ചേർന്ന് പ്രാർത്ഥനയും ഉപവാസവും അനുഷ്ഠിച്ച് അച്ചന്റെ ഇഷ്ടങ്ങൾക്കനുസരിച്ച് ജീവിച്ചു. 2018 നവംബർ 4–ാം തീയതി ഞായറാഴ്ച ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ട ഈ പുണ്യപിതാവിന്റെ പ്രാർത്ഥന നമ്മുക്ക് കോട്ടയായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇതുപോലെയുള്ള പുരോഹിതർ മലങ്കരസഭയിൽ ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കാം.

## മർദ്ദീൻയാത്ര.....പേജ് 4–ൽനിന്ന്

വാൻ ചുമതലപ്പെടുത്തി. എന്നാൽ ഇവിടെയെത്തിയപ്പോൾ അത് നേരായ രീതിയിൽ പാലിക്കപ്പെട്ടില്ല. കെ.സി.മാമ്മൻ മാപ്പിളിയുടെ ജീവിതസ്മരണയിൽനിന്നുതന്നെ ഉദ്ധരിക്കാം:–

"..........മെത്രാപ്പോലീത്തായുടെ നിവേദനങ്ങൾ എല്ലാം പാത്രിയർക്കീസ് കേട്ടതല്ലാതെ ഖണ്ഡിതമായ യാതൊരു മറുപടിയും നൽകിയില്ല. നാലുമാസം കഴിഞ്ഞപ്പോൾ ഒരു ഞായറാഴ്ച മുടക്കഴിച്ചിരിക്കുന്നതായി പാത്രിയർക്കീസ് പള്ളിയിൽവെച്ചു പ്രഖ്യാപനം ചെയ്തു. മുടക്കഴിക്കൽ സന്ദേശം മലങ്കരസഭയിൽ കൊണ്ടുചെന്ന് അവിടുത്തെ സഭാപരമായ സാഹചര്യങ്ങൾ കണ്ടശേഷം ആവശ്യമെന്നു തോന്നുന്നപക്ഷം മാത്രം പ്രസിദ്ധപ്പെടുത്തിയാൽ മതി എന്നുള്ള നിർദ്ദേശത്തോടുകൂടി പാത്രിയർക്കീസ് യൂലിയോസിനെ ഏൽപ്പിക്കയായിരിക്കണം ചെയ്തത്..... വട്ടശ്ശേരിൽ മെത്രാപ്പോലീത്താ മർദ്ദീനിൽനിന്നു മടങ്ങി ഇന്നപ്പോൾ എത്തുമെന്നറിഞ്ഞ് ഒരു സംഘം സ്വീകരിക്കാനായി ആളുകൾ ഷൊർണ്ണൂർ വരെ പോയി...... കുശലപ്രശ്നങ്ങളെല്ലാം കഴിഞ്ഞ് ഞങ്ങൾ എല്ലാവരുംകൂടെ എറണാകുളത്തുവന്ന് അവിടെ കുറേദിവസം താമസിച്ചു. അപ്പോഴേയ്ക്കു മുടക്കഴിച്ചിട്ടില്ലെന്നും മറ്റും ശ്രുതികൾ പൊങ്ങി. യൂലിയോസ് മുടക്കഴിക്കൽ രേഖ സ്വന്തം പെട്ടിയിൽ പോലും വയ്ക്കാതെ അകത്തെ കീശയിലിട്ട് അരവാറിട്ടു കെട്ടിക്കൊണ്ടു നടക്കുകയായിരുന്നു. കൊള്ളക്കാരും കള്ളന്മാരും നിറഞ്ഞ മർദ്ദീനിലെ അരക്ഷിതത്തിന്റെ പരിചയപ്രതീതി അതിൽ ബിംബിച്ചിരുന്നു. മർദ്ദീനിൽവെച്ചു മുടക്കഴിച്ചു എന്നു കേട്ടപ്പോഴെ ഇവിടെ പാത്രിയർക്കീസ് കക്ഷിയുടെ നേതൃത്വം വഹിച്ചിരുന്നവർ പിണങ്ങി. മർദ്ദീനിൽ ചെന്നു കണ്ടയുടൻ മുടക്കഴിച്ചതിൽ ഉണ്ടായ രോഷം വിവരിക്കാവതല്ല. വാശിയോടെ പണം ചെലവുചെയ്ത് കേസുകൾ നടത്തിയത് അവരാണല്ലോ. സി.ജെ.കുര്യൻ സുറിയാനി ഭാഷ വശമുള്ള ഒരാളെ യൂലിയോസിന്റെ അടുക്കലയച്ച് മുടക്കഴിച്ച് രേഖ കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അത് പുറത്തെടുക്കരുതെന്നറിയിച്ചു. യൂലിയോസ് അതനുസരിച്ച് പ്രവർത്തിച്ചുകൊള്ളാമെന്നു സമ്മതിച്ചു. സമ്മതിക്കുന്നപക്ഷം മറ്റാർക്കും മനസ്സിലാകാതിരിക്കുന്നതിനു ഒരു പ്രത്യേക വാചകത്തിൽ കോട്ടയത്തേക്ക് കമ്പിയടിക്കണമെന്ന് ദൂതന് നൽകിയിരുന്ന നിർദ്ദേശമനുസരിച്ച് കമ്പി അടിച്ചു. വാചകം "Saw merchant Terms agreed" (വ്യാപാരിയെ കണ്ടു വ്യവസ്ഥകൾ സമ്മതിച്ചിരിക്കുന്നു) എന്നായിരുന്നു എന്ന് ദൂതൻ തന്നെ പിന്നീട് പറഞ്ഞുകേട്ടിട്ടുണ്ട്."

### ഉപസംഹാരം

മലങ്കരസഭയുടെ സമാധാനത്തിനുവേണ്ടി ക്ലേശപൂർണ്ണവും സാഹസികവും അപകടങ്ങൾ നിറഞ്ഞതുമായ ഒരു യാത്രയാണ് പ.വട്ടശ്ശേരിൽ തിരുമേനി നടത്തിയത്. സമാധാനം സ്ഥാപിക്കുന്നതിന് പ.ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായും തയ്യാറായിരുന്നു. ബാവാകക്ഷിയുടെ പിടിവാശികൾകൊണ്ട് സമാധാനം സ്ഥാപിതമായില്ലായെന്ന് മെത്രാൻകക്ഷിക്കാരും മെത്രാൻകക്ഷിയുടെ പിടിവാശികൊണ്ട് സമാധാനം സ്ഥാപിതമായില്ല എന്ന് ബാവാകക്ഷിക്കാരും അന്നുമുതൽ ഇന്നുവരെ പറഞ്ഞുകൊണ്ടിരിക്കുന്നു. മലങ്കരസഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കുവാൻ സ്വന്ത ജീവൻ പോലും പണയപ്പെടുത്തുവാൻ പ.വട്ടശ്ശേരിൽ തിരുമേനി തയ്യാറായിരുന്നു. അതേപോലെതന്നെ മലങ്കരസഭയിൽ സമാധാനമുണ്ടാകണമെന്നും സ്വന്തം ജനങ്ങളിൽ ഒരുവൻപോലും നഷ്ടപ്പെടുവാൻ ഇടയാകരുതെന്നും അദ്ദേഹം തീവ്രമായി ആഗ്രഹിച്ചിരുന്നു. മലങ്കരസഭയിൽ ഇപ്പോൾ നിലനിൽക്കുന്ന പരസ്പരമുള്ള പോർവിളികൾ അവസാനിപ്പിച്ച് സമാധാനം ഉണ്ടാക്കുവാൻ പ.വട്ടശ്ശേരിൽ തിരുമേനിയുടെയും പ.ഏലിയാസ് തൃതീയൻ ബാവായുടെയും പ്രാർത്ഥന സഹായകരമാകട്ടെ. തീർത്ഥാടകരായി ഇരു പിതാക്കന്മാരുടെയും കബറിടങ്ങളിൽ പ്രാർത്ഥനയോടെ എതത്തുന്ന വിശ്വാസികളുടെ മനസ്സിലും സമാധാനവാഞ്ജ ഉണ്ടാകട്ടെ.

Vol. 25 Issue 8
February 15

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.KERMAL/1994/1599
REGISTERED No. KL/KTM/ 40/ 2018-2020
Rs.2
LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 35/2018-10

## വെബ് പേജിൽനിന്ന്

*സാമൂഹ്യമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ള ചില പോസ്റ്റുകളാണ് ഈ പംക്തിയിൽ വാട്സ്ആപ്പും ഫെയ്സ്ബുക്കും ഒന്നുമില്ലാത്തവരുടെ അറിവിനുവേണ്ടി പുനപ്രസിദ്ധീകരിക്കുന്നത്. അവയുടെ ഉള്ളടക്കം സംബന്ധിച്ച് മലങ്കരസഭാദീപത്തിന് ഒരുത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.*

# മറക്കരുത് കലാം നൽകിയ പത്തു ജീവിതപാഠങ്ങൾ

കലാം ഈ ലോകത്ത് വെറുതേ ജീവിച്ചുപോയ ഒരു മനുഷ്യനായിരുന്നില്ല. ഒരുപാട് അടയാളപ്പെടുത്തലുകൾ നടത്തിയ ഒരു ചരിത്രപുരുഷനായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം തന്നെ നമ്മുക്ക് ഒരു പാഠപുസ്തകമാണ്.

പ്രചോദനം നൽകുന്നതായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ. സ്വപ്നം കാണുന്നവരെ പുച്ഛിച്ചിരുന്ന ഒരു നാട്ടിൽ യുവാക്കളോട് സ്വപ്നം കാണാൻ ആവശ്യപ്പെട്ട മഹാനുഭാവൻ..... അദ്ദേഹം വാക്കുകളിലൂടെ നൽകിയ പത്തു ജീവിതപാഠങ്ങൾ

### സ്വപ്നങ്ങൾ

ഒരു സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് മുമ്പ് നിങ്ങൾക്ക് അത് സ്വപ്നം കാണുവാൻ കഴിയണം

### മാതാ പിതാ ഗുരു

ഒരു രാജ്യം അഴിമതിരഹിതമാകണമെങ്കിൽ ഞാൻ കരുതുന്നു സമൂഹത്തിലെ മൂന്നു പ്രധാന അംഗങ്ങൾക്ക് അതിന് കഴിയും. മാതാ, പിതാ, ഗുരു.

### വ്യത്യസ്തമായി ചിന്തിയ്ക്കുക

യുവാക്കൾക്കുള്ള എന്റെ സന്ദേശം ഇതാണ്. നിങ്ങൾക്ക് വ്യത്യസ്തമായി ചിന്തിക്കാനുള്ള ധൈര്യമുണ്ടാകണം. പുതിയവ കണ്ടെത്താനുള്ള ധൈര്യം വേണം. ആരും സഞ്ചരിക്കാത്ത പാതകളിലൂടെ സഞ്ചരിക്കുവാനുള്ള ധൈര്യം വേണം. അസാധ്യമായവ കണ്ടെത്താനുള്ള ധൈര്യം വേണം. പ്രതിബന്ധങ്ങളെ കീഴടക്കി വിജയത്തിലെത്താനുള്ള ധൈര്യം വേണം.

### വിജയമന്ത്രം

ലക്ഷ്യത്തിലെത്തണമെങ്കിൽ നിങ്ങൾക്ക് ഏകാഗ്രമായ അർപ്പണ മനോഭാവം വേണം.

### നേതാവ്

ഞാൻ ഒരു നേതാവിനെ നിർവ്വചിക്കാം. അദ്ദേഹത്തിന് കാഴ്ചപ്പാടും അഭിനിവേശവും വേണം. ഒരിയ്ക്കലും പ്രതിസന്ധികൾക്ക് മുന്നിൽ തളരരുത്. അതിനുമപ്പുറം പ്രശ്നങ്ങളെ എങ്ങനെ പരാജയപ്പെടുത്താമെന്ന് അറിയണം. ധർമ്മനീതിയോടെ വേണം അയാൾ പ്രവർത്തിയ്ക്കാൻ.

### സ്വപ്നങ്ങൾ

വലിയ സ്വപ്നാടകരുടെ സ്വപ്നങ്ങൾ എപ്പോഴും വിജയത്തിലെത്തിയിട്ടുണ്ട്.

### ത്യാഗം

നമ്മുക്ക് നമ്മുടെ ഇന്നുകളെ ബലികൊടുക്കാം. നമ്മുടെ കുട്ടികളുടെ നല്ല നാളെകൾക്കായി.

### പ്രതിസന്ധികൾ വേണം

ഒരു വിജയം നേടുന്നതിന് മുമ്പ് ഏറെ പ്രതിസന്ധികൾ നേരിടണം. എന്നാലെ വിജയം ശരിക്കും ആഘോഷിക്കാൻ കഴിയൂ.

### ആകാശക്കേക്കു നോക്കൂ

ആകാശത്തേക്ക് നോക്കൂ. നാം ഒറ്റയ്ക്കല്ല. പ്രപഞ്ചം മുഴുവൻ നമ്മോട് സൗഹൃദം പുലർത്തുന്നു. സ്വപ്നം കാണുന്നവർക്കും കഠിനാധ്വാനം ചെയ്യുന്നവർക്കും ഏറ്റവും മികച്ചത് നൽകാനായി ഗൂഢാലോചന നടത്തുന്നു.

### ദൈവസഹായം

നിങ്ങൾ നോക്കൂ.... കഠിനാദ്ധ്വാനം ചെയ്യുന്നവർക്ക് മാത്രമേ ദൈവം സഹായം നൽകൂ.

# പെരുമ്പാവൂർ ബഥേൽ സൂലോക്കോ പള്ളിയിൽ നടക്കുന്നത് നീതിനിഷേധം : ഓർത്തഡോക്സ് സഭ

കോട്ടയം : കോടതിവിധി അനുകൂലമായിട്ടും പെരുമ്പാവൂർ ബഥേൽ സൂലോക്കോ പള്ളിയിൽ നടക്കുന്നത് നീതിനിഷേധമെന്ന് ഓർത്തഡോക്സ് സഭ. വിവിധ കോടതിവിധികളുടെ ഫലമായി കഴിഞ്ഞ 35 വർഷമായി സമയക്രമമനുസരിച്ച് ഓർത്തഡോക്സ് – യാക്കോബായ വിഭാഗങ്ങൾ വി.കുർബ്ബാന അർപ്പിച്ചുകൊണ്ടിരുന്ന ദേവാലയമാണ് ബഥേൽ സൂലോക്കോ പള്ളി. സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ യാക്കോബായ വിഭാഗം പള്ളിയിൽ പ്രവേശിക്കുന്നത് നിരോധിച്ചുകൊണ്ട് കഴിഞ്ഞ ദിവസം പെരുമ്പാവൂർ മുൻസിഫ് കോടതി വിധി പ്രസ്താവിക്കുകയുണ്ടായി. പള്ളിയിൽ പ്രവേശിക്കുന്നതിൽനിന്നും യാക്കോബായ വിഭാഗത്തെ തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് വികാരി ഫാ.എൽദോ കുറിയാക്കോസ് നൽകിയ ഹർജിയുടെ അടിസ്ഥാനത്തിലാണ് മുൻസിഫ് കോടതിയുടെ ഉത്തരവ്. എന്നാൽ കോടതി ഉത്തരവ് ലംഘിച്ച് യാക്കോബായ വിഭാഗം പള്ളിയിൽ പ്രവേശിക്കുകയും ഓർത്തഡോക്സ് വിഭാഗം പള്ളിയിൽ കയറുന്നത് തടസ്സപ്പെടുത്തുകയും ചെയ്തു. യാക്കോബായ വിഭാഗം ഉപരോധം സൃഷ്ടിച്ചതിനാൽ ഇന്ന് ഓർത്തഡോക്സ് വികാരിക്കും വിശ്വാസികൾക്കും പള്ളിയിൽ പ്രവേശിച്ച് കുർബ്ബാന അർപ്പിക്കാൻ സാധിച്ചില്ല. ഓർത്തഡോക്സ് സഭാനേതൃത്വവും ഭദ്രാസന നേതൃത്വവും ഇടവകവികാരിയും പലതവണ ബന്ധപ്പെട്ടുവെങ്കിലും അനധികൃതമായി പള്ളിയിൽ പ്രവേശിച്ചവരെ പുറത്താക്കുവാനോ ഓർത്തഡോക്സ് വിഭാഗത്തിന് പ്രവേശനം അനുവദിക്കാനോ പോലീസ് ഉദ്യോഗസ്ഥർ തയ്യാറാവുന്നില്ല. ഇത് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയും നീതിനിഷേധവുമാണെന്ന് ഓർത്തഡോക്സ് സഭാ വൈദികട്രസ്റ്റി ഫാ.ഡോ.എം.ഒ.ജോൺ പറഞ്ഞു.

# മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ മാതൃകാജീവിതത്തിന്റെ ഉടമ : ഉമ്മൻ ചാണ്ടി

കൊല്ലം : എന്ത് ഉത്തരവാദിത്വവും ആത്മാർത്ഥതകൊണ്ടും കഠിനാദ്ധ്വാനം കൊണ്ടും വിജയകരമായി കൈകാര്യം ചെയ്തതാണ് എപ്പിഫാനിയോസ് തിരുമേനിയുടെ വിജയം. ഒരു അദ്ധ്യാപകനായി ജീവിതം ആരംഭിച്ച തിരുമേനി ആദ്ധ്യാത്മികരംഗത്ത് കൂടുതൽ ശോഭിച്ചു. ധ്യാനഗുരു എന്ന നിലയിൽ മലങ്കരസഭയിൽ പ്രത്യേക ശ്രദ്ധനേടി. ക്രൈസ്തവദർശനം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടുള്ള തിരുമേനിയുടെ ജീവിതം എല്ലാവർക്കും മാതൃകയാണ്. സ്നേഹവും ലാളിത്യവും തിരുമേനിയുടെ പ്രവർത്തിപഥത്തിലെ മുഖമുദ്രയായിരുന്നു.


ദീർഘകാലത്തെ അടുത്ത ബന്ധമാണ് എനിക്ക് തിരുമേനിയുമായിട്ടുള്ളത്. തിരുമേനിയുടെ വിശ്വാസതീവ്രതയും സേവനമാർഗ്ഗത്തിലുള്ള ആത്മാർത്ഥതയും നേരിട്ട് ബോധ്യമുള്ളതാണ്. നിന്നേപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുവാനുള്ള യേശുദേവന്റെ വാക്കുകൾ അക്ഷരാർത്ഥത്തിൽ ജീവിതത്തിൽ പകർത്തിയ മഹർഷിയാണ് എപ്പിഫാനിയോസ് തിരുമേനി. പുസ്തകവിജ്ഞാനത്തേക്കാൾ ചിന്തോദ്ദീപകങ്ങളായ ആശയങ്ങൾ നിറച്ച തിരുമേനിയുടെ പ്രഭാഷണങ്ങൾ ശ്രദ്ധേയമായിരുന്നു. തെളിനീരുപോലെയായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വം. ശാന്തമായ ഒരു നീർതടാകം. അദ്ദേഹത്തെ സമീപിക്കുന്നവരെല്ലാം ആ ശാന്തത ഹൃദയത്തിൽ ഏറ്റുവായിവരാണ്. അനേകരിൽ പ്രകാശം ചൊരിഞ്ഞ അദ്ദേഹം ആത്മദീപമായിരുന്നു എന്ന് ഞാൻ വിനയപൂർവ്വം അദ്ദേഹത്തെ വിശേഷിപ്പിക്കട്ടെ.



# ഫാ.ഡോ.എം.ഒ.ജോണിന് എപ്പിഫാനിയാ 2019 അവാർഡ്

കൊല്ലം : കൊല്ലം ഭദ്രാസന മെത്രാപ്പോലീത്തായും സണ്ടേസ്ക്കൂൾ അസോസിയേഷൻ അദ്ധ്യക്ഷനുമായിരുന്ന മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ നാമത്തിലുള്ള എപ്പിഫാനിയ 2019 അവാർഡ് സഭാചരിത്രത്തിലുള്ള സമഗ്രസംഭാവനകൾ പരിഗണിച്ച് മെത്രാപ്പോലീത്തായുടെ പത്താം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് വൈദികട്രസ്റ്റി ഫാ.ഡോ.എം.ഒ.ജോണിന് ലഭിച്ചു. സണ്ടേസ്ക്കൂൾ അസോസിയേഷൻ പ്രസിഡന്റ് ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലത്താ അദ്ധ്യക്ഷനും ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ കൺവീനറുമായ പ്രത്യേക ജൂറിയാണ് അവാർഡിന് ഫാ.ഡോ.എം.ഒ.ജോണിനെ തെരഞ്ഞെടുത്തത്.

# റവ.ഡോ.ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ മദ്യനിരോധന സമിതി സംസ്ഥാന പ്രസിഡന്റ്



ആലുവ : കേരളാ മദ്യനിരോധന സമിതി സംസ്ഥാന പ്രസിഡന്റായി റവ.ഡോ.ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പായെ വീണ്ടും തെരഞ്ഞെടുത്തു.

മലങ്കര ഓർത്തഡോക്സ് സഭയിലെ സീനിയർ കോർഎപ്പിസ്കോപ്പായായ അദ്ദേഹം കേരളാ ബ്ലൈൻഡ് സ്ക്കൂൾ സൊസൈറ്റി, കേരളാ ശാന്തിസമിതി, വിമുക്തി സ്പെഷ്യൽ സ്ക്കൂൾ, യൂണിയൻ ഓഫ് റെസിഡന്റ്സ് അസോസിയേഷൻ എന്നീ പ്രസ്ഥാനങ്ങളുടെ ഉപാദ്ധ്യക്ഷൻ, കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ സോണൽ പ്രസിഡന്റ്, സംസ്ഥാന കോർഡിനേറ്റർ, ഗാന്ധി പീസ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് അംഗം, വളയൻചിറങ്ങര ബാലഗ്രാം ട്രസ്റ്റ് ബോർഡ് സെക്രട്ടറി, ഉപഭോക്തൃസമിതി അംഗം തുടങ്ങിയ ഒട്ടനവധി പ്രസ്ഥാനങ്ങളുടെ പ്രധാന സാരഥ്യം വഹിക്കുന്നു. വൈ.എം.സി.എ. സൗത്ത് വെസ്റ്റ് ഇന്ത്യാ റീജിയൻ ഉപാദ്ധ്യക്ഷൻ, ട്രഷറാർ, നാഷണൽ ബോർഡ് അംഗം, സംസ്ഥാന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, സോണൽ ചെയർമാൻ, നാഷണൽ പ്രോജക്റ്റ് വൈസ് ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. തുടർച്ചയായി 37 വർഷം ആലുവാ തൃക്കുന്നത്ത് സെമിനാരി മാനേജർ, വികാരി, സഭാമാനേജിംഗ് കമ്മിറ്റി അംഗം, 30 വർഷം അങ്കമാലി ഭദ്രാസന സെക്രട്ടറി, സഭാവർക്കിംഗ് കമ്മിറ്റി അംഗം, ഡിഫൻസ് ആക്ഷൻ കൗൺസിൽ കൺവീനർ, ലീഗൽ സെൽ കൺവീനർ, സഭാവക സ്ക്കൂൾ കോളജുകൾ, റൂൾ കമ്മിറ്റി എന്നിങ്ങനെ സഭയിലെ ഒട്ടുമിക്ക സമിതികളിലും അംഗമായിരുന്ന കോർഎപ്പിസ്കോപ്പാ അഖില കേരള കത്തോലിക്കാ കോൺഗ്രസിന്റെ ഗ്രാന്റ് ഷെവലിയാർ ജസ്റ്റിസ് ജോസഫ് വിതയത്തിൽ പുരസ്ക്കാരം, വിശിഷ്ടസേവനത്തിന് പ.മാത്യൂസ് പ്രഥമൻ ബാവായിൽനിന്നും മുദ്രമോതിരം ഉൾപ്പെടെ ഒട്ടനവധി അവാർഡുകൾക്ക് അനർഹനായിട്ടുണ്ട്. പ്രഗത്ഭ വാഗ്മി, എഴുത്തുകാരൻ, സംഘാടകൻ എന്നീ നിലകളിൽ അറിയപ്പെടുന്ന ഇദ്ദേഹം സഭാചന്ദ്രികയുടെ ചീഫ് എഡിറ്ററും ഇപ്പോൾ മദ്യനിരോധനസമിതിയുടെ ജിഹ്വയായ സത്യാഗ്രഹി മാസികയുടെ ചീഫ് എഡിറ്ററുമാണ്.

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ഒരു വിശ്വാസി**